

Annual Magazine 2017-18

St. Xavier's College, Vaikom

# മൃത്സ്ന

# MR!TSNA

# Events 2017-18







MG University Vice Chancellor Dr. Sabu Thomas
Addresses the gathering at college





# OUR HEAVENLY PATRON

St. Francis Xavier



# PATRON

His Excellency
Mar George Alencherry
(Major Arch Bishop of Ernakulam - Angamaly)



Manager

## Rev.Fr.Joshy Vezhaparambil

Vicar, St.Xavier's Church, Kothavara


പ്രിയപ്പെട്ടവരെ,

തിമർത്ത് പെയ്യുന്ന മഴ, കുലം കുത്തിയൊഴുകുന്ന പുഴ, ചിരിച്ച് തലയാട്ടി നില്ക്കുന്ന കേരത്തോട്ടവും പൂക്കളും, പച്ചവിരിച്ച നെൽപ്പാടങ്ങൾ, ഇരുണ്ട് ഇടതൂർന്ന മരങ്ങൾ തിങ്ങിയ വനങ്ങൾ – ഭൂമിയുടെ ഫലസമൃദ്ധി. അതാണ് 'മൃത്സ്ന'. ഒരോ കലാലയവും ജീവന്റെ തുടിപ്പുകൾ സംവഹിക്കുന്ന ഭൂമിയാണ്. സർഗ്ഗവാസനകളുടെയും, തത്വചിന്തകളുടെയും, ശാസ്ത്രഗവേഷണങ്ങളുടെയും ചലനം കോളേജന്തരീക്ഷത്തെ മുഖരിതമാക്കുമ്പോൾ നാളെയുടെ വാഗ്ദാനങ്ങൾ ഇവിടെ മുളയെടുക്കുകയായി. ഇങ്ങനെ ഫലഭൂയിഷ്ഠമായ ഭൂമിയുടെ ഒരു തുണ്ട് നാടിന്റെയും രാഷ്ട്രത്തിന്റെയും പ്രതീക്ഷയുടെ മുനമ്പുകളായിരുന്നു.

നൂതനമായ ആശയങ്ങളെക്കൊണ്ടും, കായികബലംകൊണ്ടും, അന്വേഷണോത്സുകതകൊണ്ടും, നിരന്തരമായ പരിശ്രമംകൊണ്ടും, രാജ്യസ്നേഹംകൊണ്ടും, കലാലയക്യാമ്പസുകൾ സമ്പന്നമാണ്. സൗഹൃദങ്ങളുടെയും പൊട്ടിച്ചിരികളുടെയും ഗുരുശിഷ്യബന്ധത്തിന്റെയും നിലയ്ക്കാത്ത പ്രവാഹംകൊണ്ടും ഇവിടം ഫലഭൂയിഷ്ഠമാണ്.

ഈ കലാലയത്തിൽ വൈവിധ്യങ്ങളുടെ സമൃദ്ധിയുണ്ട്. ജാതിമതങ്ങളുടെ വൈവിധ്യമുണ്ട്. എന്നാൽ എല്ലാറ്റിനെയും സമ്പൂർണ്ണമാക്കുന്ന ഐക്യവുമുണ്ട്. അതിന്റെ ഒരു തെളിവാണ് 'മൃത്സ്ന' എന്ന പേരിൽ നിങ്ങൾ തയ്യാറാക്കുന്ന ഈ മാഗസിൻ. രാപ്പകലുകളെ അദ്ധ്വാനമാക്കി ഇതിനുപിന്നിൽ പ്രവർത്തിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ. നമ്മുടെ കലാലയം ഈ നാടിന്റെ അഭിമാനമാകട്ടെ... രാജ്യത്തിന്റെ പ്രതീക്ഷയാകട്ടെ...

സ്നേഹാശംസകളോടെ,<br>
ജോഷിയച്ചൻ




**From the Chief Editor's Desk**

I am very glad to bring before you 'MRITSNA', our student Magazine 2017-18. I take this opportunity to congratulate the staff editor Sri Bibu V N, Student Editor Sri. Akash Krishna, Teachers and students who have extended their help to realize this.

I hope this magazine would create ripples of creative energy and motivation among our students. I do understand 'MRITSNA' is a unique creation which registers the marks of our Era. Last, but not least, I thank almighty for the profound blessings.

**Dr. Rajumon T. Mavunkal**
Principal

---

## Editors's Message



"മൃത്സ്ന' ഒരു തിരിച്ചറിവാണ്. ജീവന്റെ ആധാരത്തിലേക്കുള്ള നോട്ടമാണ്. വിഷലിപ്തമായ കമ്പോള പ്രത്യയശാസ്ത്രങ്ങൾ ജീവിതത്തെ വിഴുങ്ങുന്ന കാലത്ത്, മണ്ണും പെണ്ണും കച്ചവടച്ചരക്കുകളാകുന്ന കാലത്ത്, 'മൃത്സ്ന' അപാരമായ വിനയം മാനവരാശിയോട് ആവശ്യപ്പെടുന്നു.

ഇതിൽ സ്പന്ദിക്കുന്ന ജീവാക്ഷരങ്ങൾ ഭൂമിയ്ക്കും
പെൺമയ്ക്കുമുള്ള അഭിവാദനങ്ങളാണ്...
ആശ്വാസവചസ്സുകളാണ്.

**Bibu.V.N**
Staff editor

## Chairman



കാലത്തിനു മുൻപേ ആശയങ്ങളിലൂടെ യാത്ര ചെയ്യുവാനും നൂതനസങ്കൽപങ്ങൾ പിറവിയെടുപ്പിക്കുവാൻ നമ്മെ പ്രാപ്തമാക്കുകയും ചെയ്യുമ്പോഴാണ് കലാലയ ജീവിതത്തിന്റെ പൂർണ്ണസ്ഥിതിയിൽ നാം എത്തിച്ചേരുന്നത്.

ഒരു കുട്ടി ഒരു അധ്യാപകൻ ഒരു പേന, ലോകത്തെ മാറ്റിമറിക്കുവാൻ ഇവ ധാരാളം മതി. മലാലയുടെ ഈ വാക്കുകൾ വളർന്നു വരുന്ന ഇന്നെത്തെ തലമുറകളോടുള്ളതാണ്. കലാലയത്തിലെ നാലു ചുവരുകൾക്കിടയിൽ ആരോ എഴുതിയ കഥയിലെ കഥാപാത്രങ്ങൾ മാത്രം ആയി ചുരുങ്ങിപോവാതെ അതിനപ്പുറം ഭാവനകൾക്കും പ്രതികരണശേഷിക്കും വ്യക്തിത്വബോധത്തിനും ചിറകുമുളപ്പിക്കുകയും അവ തൂലികയിലൂടെ ആളി പടരുകയും ചെയ്യുമ്പോഴാണ് പുതുതലമുറയുടെ സ്പന്ദനങ്ങൾക്ക് പുതുജീവൻ വെയ്ക്കുന്നത്.

കാലമേറെ കഴിയുമ്പോൾ കലാലയത്തിന്റെ പിന്നാമ്പുറ തളുകളിലെക്ക് തിരിഞ്ഞുനോക്കുമ്പോൾ ഭൂതകാലത്തിന്റെ സർഗ്ഗാത്മകമായ ഓർമപ്പെടുത്തലുകൾ ആവട്ടെ കലാലയജീവിതത്തിന്റെ ഓർമ്മ പുസ്തകമായ മൃത്സ്ന യിലെ ഓരോ വാക്കുകളും.

പോരാളിയായി പഠിക്കുക! പോരാടുക!

ആശംസകൾ

**Sivaprasad MV**
Chairman

## Student Editor



പ്രിയപ്പെട്ടവരെ...

ഇത് നിങ്ങളുടെ ചിന്തയിലേക്കുള്ള ഒരു പാലമാണ്. ഈ കാലഘട്ടം ആവശ്യപ്പെടുന്ന മൗലിക ഇടപെടലുകളെ ധ്വനിപ്പിക്കുന്ന രചനകളാണ്. ഇന്ന് യൗവനം തീക്ഷ്ണവും ദീപ്തവുമായിരിക്കുമ്പോഴും അവയുടെ സമകാലിക ദർശനങ്ങളെന്ത് എന്ന ചോദ്യം അവശേഷിക്കുന്നു. അതിനായുള്ള അന്വേഷണങ്ങളുടെ ഭാഗമാണ് 'മൃത്സ്ന'. ഇതിലെ വാക്കുകൾ നിങ്ങൾ ഏറ്റെടുക്കുമെന്ന പ്രതീക്ഷയോടെ...

**Akash Krishna**
Student editor




# MRITSNA

**St.Xavier's College Vaikom**
Kothavara P.O., Kottayam - 686607
Tel: 04829 275303
Email: stxaviersvkm@gmail.com
www.stxavierscollegevaikom.org

| | |
|---|---|
| Chief Editor | Dr. Rajumon T.Mavunkal |
| Staff Editor | Mr. Bibu V N (Assistant Professor, Department of Journalism) |
| Student Editor | Mr. Akash Krishna |
| Editorial Board | Dr. C.P. Hareendran (HOD, Dept. of Hindi) |
| | Prof. Ravisankar P.C. (HOD, Dept. of English) |
| | Mrs. Rekha A.G. (HOD, Dept. of Malayalam) |
| | Dr. Tomy Joseph (Associate Prof., Dept. of Economics) |
| | Lt. Roy Mathew (HOD, Dept. of Politics) |
| | Dr. Bijumon C.C. (Asst. Prof., Dept. of Physics) |
| | Prof. Payas Varghese (HOD, Dept. of Chemistry) |
| | Ms. Parvathi Chandran (Asst. Prof., Dept. of Journalism) |
| | Mr. Sijo Mathew (HOD, Dept. of Botony) |
| Student Editorial Board | Sharon Sam Joshwa, Joji Jollychan, Vishnu Shaji |
| Special Thanks to | Dr. Tomy Mathew (HOD. Dept of Economics) |
| | Dr. Tomy Joseph (HOD. Dept of Physics) |
| | Prof. Anie V. T (HOD, Dept. of Mathematics) |
| | Dr. Gimson D Parambil (HOD. Dept of Commerce) |
| | Dr. K J Abraham (HOD. Dept of Zoology) |
| | Mrs. Litty Thomas (HOD, OW. of History) |
| | Ms. Amala Joseph (Ass, Prot. Dept. of Commerce) |
| | Dr. Sarita Ramachandran (Asst. Prof. Dept. of Zoology) |
| | Mrs. T. Rajalakshmi (Asst. Prof. Dept. of Zoology) |
| | **KV George (Librarian)** |
| Design & Printing | Essence Creations, Kottayam - 9400220088 |



**Vakkachan Mangalathu**
Trustee St. Xaviers Church

**ആദരാഞ്ജലികൾ**



**Annu**
3rd B.Com

# മണ്ണും









# മനുഷ്യനും

**സുഷമ**
2nd Bsc Chemistry

മണ്ണും മനുഷ്യനും എന്നത് ഒരു ചിന്താവിഷയവും ജീവിത വിഷയവുമാണ്. കാരണം മണ്ണില്ലെങ്കിൽ മരമില്ല, മരമില്ലെങ്കിൽ മനുഷ്യനുമില്ല. മനുഷ്യനെ മണ്ണുകൊണ്ട് മെനഞ്ഞ് അവനിലേക്ക് ജീവിതത്തിന്റെ ലക്ഷ്യങ്ങൾ നൽകിയാണ് ദൈവം സൃഷ്ടിച്ചതെന്ന് ബൈബിൾ പറയുന്നു. മനുഷ്യാ, നീ മണ്ണാകുന്നു, മണ്ണിലേക്കു നീ മടങ്ങും എന്ന വിഖ്യാത വചനവും നാം കേട്ടിട്ടുണ്ട്. ഭാരതീയ ദർശനമനുസരിച്ച് പഞ്ചഭൂതങ്ങളിൽ ഒന്നാണ് ഭൂമി അഥവാ മണ്ണ്. മനുഷ്യന്റെ ഉത്ഭവത്തിനും നിലനിൽപ്പിനും വിലയനത്തിനും ആധാരമായിട്ടുള്ളത് മണ്ണുതന്നെയാണ്. ഒടുവിൽ അവനെ സംസ്ക്കരിച്ചാലും, ദഹിപ്പിച്ചാലും മനുഷ്യശരീരം മണ്ണായി മാറുന്നു. ഇങ്ങനെ പറഞ്ഞുപോയാൽ മണ്ണും മനുഷ്യനുമായുള്ള ഗാഢബന്ധത്തെക്കുറിച്ച് ഒത്തിരി കാര്യങ്ങൾ പറയാനുണ്ട്.

മലയാളഭാഷയിൽ മണ്ണുമായി ബന്ധപ്പെട്ട, നിരവധി ശൈലികളും പ്രയോഗങ്ങളുമുണ്ട്. “മണ്ണുടയോൻ” എന്ന പ്രയോഗം ഭൂവുടമയെ സൂചിപ്പിക്കുന്നതാണ്. ‘മണ്ണുകപ്പുക’ എന്നു പറഞ്ഞാൽ ക്ഷീണിക്കുക എന്നും, ‘മണ്ണുകൊള്ളുക’ എന്നു പറഞ്ഞാൽ ഭൂമി കൈവശപ്പെടുത്തുക എന്നുമാണ് അർത്ഥം “മണ്ണുവിറ്റ് പൊന്നുവാങ്ങരുത്” പോലുള്ള പഴഞ്ചൊല്ലുകളും അർത്ഥവത്തായ ജീവിത സത്യങ്ങളെ പ്രായോഗിക ജീവിതത്തിന് ഉപകരിക്കും വിധം നമ്മുക്ക് മുന്നിൽ പ്രകാശിപ്പിക്കുന്നവയാണ്.

ഇത്രയും പറഞ്ഞതിൽ നിന്ന് മണ്ണു മനുഷ്യനു മാത്രമുള്ളതാണെന്ന് ധരിക്കരുത്. ജീവൻ തളിർക്കുന്നത് മണ്ണിലാണ്. സസ്യലതാദികളും പക്ഷിമൃഗാദികളും പുലരുന്നത് മണ്ണിലാണ്. മണ്ണിനെക്കുറിച്ച്, പക്ഷെ, ശരിയായ അവബോധമുണ്ടാകേണ്ടത് മനുഷ്യനാണ്. ആ ലക്ഷ്യത്തോടെയാണ് 2015 അന്താരാഷ്ട്ര മണ്ണുവർഷമായി നാം ആചരിച്ചത്. ആരോഗ്യകരമായ ജീവിതത്തിന് ആരോഗ്യമുള്ള മണ്ണ് അതായിരുന്നു അന്ന് ലോകമുയർത്തിയ മുദ്രാവാക്യം. മണ്ണിനെ അനാരോഗ്യകരമാക്കിത്തീർക്കുന്ന ആധുനിക കാലത്ത് ഈ പ്രമേയത്തിന് സവിശേഷ പ്രസക്തിയുണ്ട്. മണ്ണിന്റെ ശുദ്ധിമനുഷ്യ നന്മയ്ക്കു കൂടിയേതീരു വാസ്തവത്തിൽ എന്താണു മണ്ണ് എന്നതിന് ശാസ്ത്രമായ ഒരു അറിവ് നമ്മുക്ക് ഉണ്ടായിരിക്കണം. മണ്ണിനെ പറ്റിപഠിക്കുമ്പോൾ അത് ഒരു അത്ഭുതപദാർത്ഥമായി നമ്മുക്ക് അനുഭവപ്പെടും. ധാതുക്കൾ, ജൈവ പദാർത്ഥങ്ങൾ, വായു, വെള്ളം, സൂക്ഷമാണുക്കൾ എന്നിവയുടെ മിശ്രിതമാണ് മണ്ണ്. ഭൂമിയുടെ ഉപരിതലത്തിലുള്ളഒരു ആവരണമായി ഇതിനെ കണക്കാക്കാം. ജലം സൂക്ഷിച്ചു വയ്ക്കാനും, ശുദ്ധികരിക്കാനും, വിതരണം ചെയ്യാനും മണ്ണിനു കഴിയും, അങ്ങനെയുള്ള മണ്ണിന്റെ ഗുണഗണങ്ങൾ നഷ്ടപ്പെടാതെ സൂക്ഷിക്കേണ്ടതാണ്.



എങ്ങനെയാണ് മണ്ണിന് ഗുണശോഷണം സംഭവിക്കുന്നത്? രണ്ടുകാരണങ്ങളാൽ അങ്ങനെ സംഭവിക്കാം. ഒന്നാമതായി മലിനീകരണവും, രണ്ടാമതായി മണ്ണൊലിപ്പും ഇവയുടെ ഫലമായി പ്രധാനപ്പെട്ട പ്രേഷകവസ്തുക്കൾ ക്ഷയിച്ചുപോവുകയോ, മണ്ണിരയും, സൂക്ഷ്മജീവികളും നശിച്ചുപോവുകയോ ഒക്കെ ചെയ്യുന്നു. ജൈവാശവും ജലാംശവും നഷ്ടപ്പെട്ടമണ്ണ് വളക്കൂറില്ലാത്തതായി മാറുകയും ചെയ്യുന്നു. ചീഞ്ഞളിയാൻ സാധ്യതയുള്ള ജൈവമാലിന്യങ്ങളാണല്ലോ മണ്ണിന്റെ ഫലഭൂഷ്ടിയെ വർദ്ധിപ്പിക്കുന്നത്. കരീയില മുതൽ മൃതശരീരംവരെയുള്ളവ അക്കൂട്ടത്തിൽപ്പെടുന്നു. എന്നാൽ നമ്മുടെ അമിതമോ അപകടകരമോ ആയ ഇടപ്പെടലുകൾ മണ്ണിനെ ക്ഷയിപ്പിക്കാൻ കാരണമായിതീരുന്നു. വളം, കീടനാശിനി എന്നിവയുടെ തെറ്റായ ഉപയോഗം, അശാസ്ത്രീയമായ കൃഷിരീതികൾ വ്യവസായ ശാലകളിൽ നിന്നും തള്ളുന്ന മാലിന്യങ്ങളുടെ പാർശ്വഫലങ്ങൾ, മാലിന്യങ്ങൾ വലിച്ചെറിയുന്ന സംസ്ക്കാരം, എന്നിവയൊക്കെ മണ്ണിനെ ഗുണ ശൂന്യമാക്കുന്നു.

മണ്ണൊലിപ്പിന് പ്രധാനകാരണം പ്രകൃതി പ്രതിഭാസങ്ങളാണെങ്കിലും വനനശീകരണം റോഡുവെട്ടൽ, കൃഷിരീതിയിലെ അപാകതകൾ തുടങ്ങിയ മനുഷ്യനിർമ്മിതമായ കാരണങ്ങളും പ്രബലമാണ്.

കർഷകന്റെ മിത്രമായ മണ്ണിരകളെ നശിപ്പിക്കാൻ കാരണമാകുന്ന തെറ്റായ വളപ്രയോഗങ്ങളും അപകടകരമായ മറ്റൊരു സാഹചര്യമാണ് മണ്ണിനെ ഉഴുതുമറിച്ച് അതിലൂടെ വായുവും വെള്ളവും സഞ്ചരിക്കാൻ വഴിയൊരുക്കി മണ്ണിനെ പോഷക സമൃദ്ധമാക്കുന്ന മണ്ണിരയേ നാം സംരക്ഷിക്കേണ്ടതുണ്ട് അതുപോലെതന്നെ മണ്ണൊലിപ്പ് തടയാനാവശ്യമായ പ്രവർത്തനങ്ങളും നാം തുടങ്ങണം.

മണ്ണുപരിശോധനയും, മണ്ണിനെ സ്നേഹിക്കുന്നവർ ചെയ്യേണ്ട ഒരു പ്രവൃത്തിയാണ്. മണ്ണിന്റെ പോഷകമൂല്യം, രാസഘടന, ലവണങ്ങൾ, മലിനീകരണത്തിന്റെ അളവ് എന്നിവയെല്ലാം വിശകലനം ചെയ്യുന്നതിന് ഈ പരിശോധന സഹായിക്കുന്നു. അതിലൂടെ മണ്ണിന്റെ ഗുണവർദ്ധനയ്ക്കാവശ്യമായ കാര്യങ്ങൾ കണ്ടെത്തി നടപ്പിൽ വരുത്തുന്നതിനു നമ്മുക്കു കഴിയും.

ഭക്ഷ്യസുരക്ഷ, ദാരിദ്ര്യനിർമ്മാർജ്ജനം, കാലാവസ്ഥാമാറ്റങ്ങൾ, ആവാസവ്യവസ്ഥയുടെ നിലനിൽപ്പ്, സുസ്ഥിരവികസനം എന്നീ കാര്യങ്ങളിൽ മണ്ണിനു വഹിക്കാനുള്ള സുപ്രധാന പങ്കിനെപ്പറ്റി ജനങ്ങൾക്ക് അവബോധം ഉള്ളവാക്കുക എന്നത് ഗൗരവമേറിയ സംഗതിയാണ്. മണ്ണിന്റെ കാര്യമെന്നാൽ മാനവന്റെ കാര്യമാണെന്ന് ചിന്തയിലേക്ക് നാം ഉണരേണ്ടകാലം വന്നു കഴിഞ്ഞു. നമ്മുക്ക് മണ്ണിനെ സ്നേഹിച്ച് പരിചരിച്ച്, ആരോഗ്യത്തോടെ ജീവിക്കാം.

സമ്പാദക - സുഷമ

# മൺചൊല്ലുകൾ

**അ & ആ**

1. അകലെ നടണം, അടുത്തു നടണം
ഒത്തു നടണം ഒരുമിച്ചു നടണം
2.അടുത്തു നട്ടാൽ അഴക്,
അകത്തിനട്ടാൽ വിളവ്
3.അച്ചനു പോയാൽ നെല്ലും വെള്ളോം,
തൊമ്മനു പോയാൽ തൊപ്പിപ്പാള
4.ആയിരപ്പറയ്ക്ക് ഒരു മൂട
5.അന്നുവച്ച വാഴ അന്നു കുലയ്ക്കില്ല
6.അധികം വിളഞ്ഞാൽ വിത്തിനും കൊള്ളില്ല
7.അന്തിയോളം മഴ കൊണ്ടാലും
കുളി കുളത്തിൽ തന്നെ
8.ആലയിൽ വൈകിയാൽ ഉഴവിലും വൈകും
9.ആളുമാറിയാൽ കാളയറിയും
10.ആരു കുത്തിയാലും അരി വെളുക്കണം

**ഇ**

1.ഇടത്തടിച്ച പടിക്ക് വലത്തും
2.ഇല തൊടാഞ്ഞാൽ കുല മലയോളം
3.ഇളം തെങ്ങ് വെട്ടി വളർത്തണം

**ഉ**

1.ഉച്ചാറൽ വിതച്ച വിത്തുപോലെ
2.ഉണ്ണാത്ത നായർക്ക് ഉതകാത്ത വിരുത്തി
3.ഉഴവിനു പഴയ കൊഴുവൻ
4.ഉടയൻ വീട്ടിലെങ്കിൽ കൊടി മൂട്ടിൽ
5.ഉച്ചാറുച്ചയ്ക്ക് വെള്ളരി നട്ടാൽ
വിഷു ഉച്ചയ്ക്കുകായ പറിക്കാം
6.ഉടമയുടെ ദൃഷ്ടി ഒന്നാന്തരം വളം
7.ഉഴവിൽ കളവു പാടില്ല.
8.ഉണ്ടു കൊണ്ടിരുന്നാൽ
കണ്ടുകൊണ്ടിരിക്കുന്ന പാടം പോകും
9.ഉഴവു പിഴച്ചാൽ വിളവും പിഴയ്ക്കും
10. ഉതിരാത്ത കതിര് ഉലക്കയ്ക്കടിക്കണം

**എ & ഏ**

1.എലിയെ അകത്തിട്ട് പറ പൊതിയരുത്
2.ഏത്തൻ വിലയണമെങ്കിൽ ഏത്തമിടണം
3.ഏഴു വെള്ളിയാഴ്ച ചാണകമിട്ടാൽ
എട്ടാം വെള്ളിയാഴ്ച കായ പറിക്കാം
4.ഏത്തപ്പാട്ടിന് എതിർപ്പാട്ടില്ല.

**ഒ & ഓ**

1.ഓണോട്ടൻ വിതച്ചാൽ ഓണത്തിനു പുത്തരി
2.ഒരു വിത്തു വിതച്ചാൽ പല വിത്തു വിളയാ
3.ഒന്നു ചീഞ്ഞാൽ മറ്റൊന്നിനു വളം
4.ഒരില പോയാൽ ഒരു പടല പോയി

**ക**

1.കണ്ടത്തിലെ പണിക്ക് വരമ്പത്തു കൂലി
2.കടയ്ക്കൽ നനച്ചാലെ
തലയ്ക്കൽ പൊടിയ്ക്കു
3.കണ്ടത്തുകൂടെയും മേലാ
വരമ്പത്തുകൂടെയും മേലാ
4.കണ്ണൻ വാഴച്ചുവട്ടിൽ കാളിവാഴയുണ്ടാകുമോ
5.കണ്ടം വിറ്റ് കാളയെവാങ്ങണോ?
6.കരഞ്ഞുവിതയ്ക്കുന്നവൻ
ആർപ്പോടെ കൊയ്യും
7.കള പറിച്ചാൽ കളം നിറയും
8.കല്ലാടും മുറ്റത്ത് നെല്ലാടില്ല
9.കുന്നത്ത് വച്ചാൽ കന്ന്,
കുഴിയിൽ നട്ടാൽ കുല
10.കൂട്ടം കുത്തിയാൽ കുല വാടും
11.കതിരിൽ വളം വയ്ക്കുക

**ച**

1. ചക്രം ചവിട്ടുന്നോന് ചക്രത്തിനു മുട്ട്
2.ചത്താലും വിത്തു പൊതി തുറക്കരുത്
3.ചേന നട്ടിടത്ത് ചേര ഇഴയരുത്
4.ചേരായ പാടത്ത് ഞാറുനടണം
5.ചേമ്പെന്നോർത്ത് വെളിക്കുമണ്ണ്

ഞ

1.ഞാറുറച്ചാൽ ചോറുറച്ചു
2.ഞാറ്റിൽ തോറ്റാൽ ചോറിൽ തോറ്റു

**ത**

1.തന്നെ കണ്ടതിൽ എഴുന്ന വിളവ്
2.താഴെ കൊയ്തവൻ ഏറെ ചുമക്കണം
3.തഞ്ചത്തിന് വളം വേണ്ട, വളത്തിനു തഞ്ചം വേണ്ട
4.തിരുവാതിര ഞാറ്റിൽ അമൃത മഴ

**ന**

1.നാലു കടം കൊണ്ടവൻ കൃഷി ചെയ്യേണ്ട
2.നിലത്തിനു തക്ക കായും
3.കുലത്തിനു തക്ക ഗുണവും
4.നെല്ലിൽ പതിരും ചൊല്ലിൽ പിഴവും
5.നോട്ടം മൂന്ന്, പീച്ചൻ കുലച്ചു!

**പ**

1.പത്തായം പട്ടിണി കിടക്കരുത്
2.പതിരില്ലാതെ കതിരില്ല
3.പോക്കുവെയിൽ പൊന്നാക്കാം
4.പച്ചപിടിച്ചത് ഉച്ചയ്ക്കും വാടില്ല
5.പാടത്തിൽ പണിയും മാടത്തിലും കിടപ്പും
6.പാടിക്കുത്തിയാലും പതിരിൽ അരിവരില്ല

**മ**

1.മുരിങ്ങ ഒടിച്ചും മക്കളെ അടിച്ചും വളർത്തണം
2.മരമറിഞ്ഞു കൊടിയിടണം
3.മൂടിവെച്ചാൽ എള്ളുണങ്ങില്ല
4.മുതുകളയോട് ഉഴവു പഠിക്കണം
5.മണ്ണറിഞ്ഞു വളം ചെയ്താൽ
കിണ്ണം നിറയെ ചോറുണ്ണാം



**അനീറ്റ ജോസ്**
1st BA Politics

# നിതാന്തമുറിവുകൾ

"ചില രാത്രികളിൽ, ഞാൻ ഒറ്റക്കിരിക്കുമ്പോൾ അവരുടെ ഗന്ധം എന്നെ പിന്തുടരും...എനിക്ക് എന്നോടും എന്റെ ശരീരത്തോടുതന്നെ വെറുപ്പ് തോന്നുന്നു... പുരുഷനെന്ന വർഗ്ഗത്തെത്തന്നെ അതിക്രൂരമായി കൊലചെയ്യാൻ എന്റെ ഉള്ളിൽ ഇരുന്ന് ആരോ എന്നോടു പറയും. പതിനൊന്നാമത്തെ വയസ്സിൽ ലൈംഗികപീഡനത്തിനിരയായ ഒരു സ്ത്രീയുടെ വാക്കുകളാണ് ഇത്. ഇന്ന് അവർക്ക് അൻപത്തിയൊന്ന് വയസുണ്ട്. എങ്കിലും നാല്പത് വർഷങ്ങൾക്കു മുൻപ് നടന്നതൊന്നും അവർക്ക് മറക്കാൻ കഴിഞ്ഞിട്ടില്ല. ആരോ ഒരാൾ ഇരുമ്പ് വച്ച് തന്റെ ഓർമ്മയിൽ ആ സംഭവങ്ങൾ ഒക്കെ വരച്ചിട്ടതുപോലെ. ഇന്നും തനിക്ക് ഓർമ്മയുണ്ടെന്ന് പറഞ്ഞവർ പൊട്ടിക്കരഞ്ഞു! 'മരിക്കണം അല്ലെങ്കിൽ കൊല്ലണം' എന്നാണ് അവരുടെ ആഗ്രഹം...

ഇത് ഒരു ഇരയുടെ മാത്രം വാക്കുകൾ. സംഭവം നടന്ന് വർഷങ്ങൾ കഴിഞ്ഞിട്ടും ഇന്നും അതിന്റെ ഓർമ്മയിൽ ഇഞ്ചിഞ്ചായി പിടഞ്ഞു ജീവിക്കുന്നവരാണ് ഓരോ ഇരകളും.

കോടതിയിലും മാധ്യമങ്ങളിലും നടക്കുന്ന വാദപ്രതിവാദങ്ങളും, ചോദ്യംചെയ്യലുകൾക്കുമപ്പുറം നമ്മളാരും ചിന്തിക്കാറില്ല ലൈംഗികചൂഷണത്തിന് ഇരയായവർക്ക് എന്ത് സംഭവിക്കുന്നു എന്ന്. ഗവൺമെന്റ് അവർക്ക് എല്ലാവിധ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്നുണ്ട്. പക്ഷേ ഒരു ഗവൺമെന്റിനും ഒരു കോടതിക്കും ഒരു മരുന്നിനും അവരുടെ മനസ്സിനേറ്റ മുറിവിനെ മായ്ക്കാൻ കഴിയില്ല.

പീഡനത്തിനിരയായ മിക്കവരും മാനസിക രോഗത്തിനടിമപ്പെട്ടവരും സ്ഥിരം മരുന്ന് കഴിക്കുന്നവരുമാണ്. അവരുടെ മനസിനേറ്റ മുറിവ് മരണം വരെ അവരെ ഒരു വേട്ടമൃഗത്തെപ്പോലെ പിന്തുടർന്നുകൊണ്ടിരിക്കുന്നു. ശരീരത്തിനേറ്റ മുറിവ് മരുന്ന് കൊണ്ട് മാറ്റാം എന്നാൽ മനസ്സിനേറ്റതോ?

മിക്ക പീഡനക്കേസുകളും നമ്മുടെ കോടതി മുറികളിൽ നീട്ടിവെക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഒരു പരിധിവരെ അവരെല്ലാം മറന്നു തുടങ്ങുമ്പോഴാകും അടുത്ത നടപടിക്രമങ്ങൾക്കായി ഇവരെ കോടതികളിലേക്ക് വിളിക്കുന്നത്. ഇത് വീണ്ടും അവരെ മാനസികമായി തളർത്തുന്നു.

കോടതിയുടെ ഇത്തരം നിലപാടുകൾ മാറേണ്ടിയിരിക്കുന്നു. ഇരകളെ വീണ്ടും വീണ്ടും കോടതി വരാന്തകളിലേക്കും വാദപ്രതിവാദങ്ങളിലേക്കും വലിച്ചിഴക്കുന്നത് അവരുടെ മനസിനേറ്റ മുറിവിനെ വീണ്ടും മൂർച്ചയേറിയ ഒരു ആയുധം ഉപയോഗിച്ച് കുത്തിനോവിക്കുന്നതിനു തുല്യമാണ്.

ഒരു സ്ത്രീ ലൈംഗിക അതിക്രമങ്ങൾക്ക് ഇരയായാൽ അവൾക്ക് എല്ലാം. നഷ്ടപ്പെട്ടുവെന്ന സമൂഹത്തിന്റെ കാഴ്ചപ്പാട് മാറേണ്ടിയിരിക്കുന്നു. സ്ത്രീയുടെ ശരീരത്തിലല്ല മനസിലാണ് അവളുടെ ചാരിത്രശുദ്ധി കുടികൊള്ളുന്നത്. ഒരു ലൈംഗിക അതിക്രമം അവളുടെ ശരീരത്തിനേറ്റ മുറിവായി മാത്രം കണക്കാക്കുക. ഇത് അവളെ ഇരുട്ടുനിറഞ്ഞ മുറികളിൽ നിന്ന് പ്രകാശത്തിന്റെ പൊതുഇടങ്ങളിലേക്ക് തിരിച്ചുകൊണ്ടുവരാൻ സഹായിക്കും.

ഞാൻ കണ്ട വ്യക്തികളും കടന്നുപൊയ അനുഭവങ്ങളും എനിക്ക് വെളിവാക്കിത്തന്നതാണ് ഈ ലേഖത്തിലൂടെ പ്രതിപാദിക്കുന്നത്. എന്തും നാം അനുഭവിക്കുന്നതുവരെ നമുക്ക് കെട്ടുകഥകളാണ്. ആ ചിന്താഗതിയാണ് തിരുത്തപ്പെടേണ്ടത്. അവിടെത്തുടങ്ങും മാറ്റത്തിന്റെ മാറ്റൊലി.



# ബാല്യസ്മരണകൾ

ഇരുൾമൂടിയൊരു ഇടനാഴിയിലൂടെ
ചിതലിന്റെ ചിത്രകലകൾകണ്ടു നടന്നു ഞാൻ
നിദ്രയിൽ തെളിയുമെൻ ബാല്യസ്മരണകൾതൻ
സുഖമുള്ള കുളിരിന്റയുറവാം ഗൃഹമല്ലോ....
മച്ചിലെ മാറാലകൾക്കിന്നെന്നോടെന്തോ...
മന്ത്രിയ്ക്കുവാൻ തിടുക്കമായ്
മാറാലനേരെ കാതോർത്തുനിന്ന ഞാൻ
“വൈകി നീ എത്തുവാനുണ്ണീ....
ഉറങ്ങുമീ മണ്ണിനെ ഉണർത്തു നീ”
ചുറ്റുമെൻ നേത്രങ്ങൾ പായവെ...
നീയെന്നുള്ളിലൊരാന്തലായ് മാറുന്നുവോ...
അറിയുന്നു ഞാൻ നിന്നുടെ പ്രൗഢമാം
ഭൂതകാലമിന്നെനിക്കന്യമല്ലോ സ്വത്തേ...
എങ്കിലുമെൻ ഗേഹമേ നീ...
എന്നുമെനിക്കേറെ പ്രീയപ്പെട്ടതല്ലോ


**Sreelakshmi Sabu**
2nd B.Sc. Zoology



# മഴ

**Sandra Babu**
2nd BA Economics

ഉതിർന്നു വീഴുന്ന ഓരോ മഴത്തുള്ളിയിലും
നിൻമുഖത്തിൻ ജ്വാലാകണങ്ങൾ ഞാൻ ദർശിക്കവേ
കുതിർന്നു പോയി എൻ മനം
നിൻ മിഴിയിണകൾ തൻ തീക്ഷ്ണതയിൽ
പൊഴിഞ്ഞുപോയി എൻ യൗവ്വനം
നിൻ ഓർമകളിൽ വിരിഞ്ഞിടാൻ
ഞാൻ കൊതിക്കുന്നു വീണ്ടും









**ശിവപ്രസാദ് എം.വി**
3rd Bsc Chemistry

# വെടിയേറ്റ് വീണവളെന്നല്ല **എഴുന്നേറ്റ് നിന്നവൾ** എന്ന് ഓർമിക്കപ്പെടനാണ് എനിക്കിഷ്ടം

**മലാല**

“മലാല യൂസഫ് സായ്' എന്ന പേര് കേൾക്കാത്തവരായി ആരും തന്നെ ഉണ്ടാകില്ല. വടക്കൻ പാക്കിസ്ഥാനിലെ സ്വാത്തിൽ ജനിച്ച് ഒരു കൂട്ടം മതവെറിയന്മാരുടെ തോക്കിനിരയായതും മരണത്തിന് മുൻപിൽ നിന്ന് ഒരു ഫീനിക്സ് പക്ഷിയെപ്പോലെ പറന്നുയർന്ന് 16-ാം വയസ്സിൽ സമാധാനത്തിനുള്ള നൊബൽ സമ്മാനം നേടിയതുമെല്ലാം ഇന്നത്തെ തലമുറയിലെ കൊച്ചുകുട്ടികൾക്ക് പോലും സുപരിചിതമാണ്. വാർത്തകൾക്കപ്പുറം ആരാണ് മലാല എന്ന് നമുക്കു നോക്കാം...

വിവാഹിതരായി രണ്ടാം വർഷം സിയാവുദ്ദീൻ- തുർപെക്കായി ദമ്പതിമാർക്ക് ഒരു പെൺകുഞ്ഞ് പിറന്നു. മകളെ ‘മലാല’ എന്ന് വിളിക്കുവാൻ അവർ തീരുമാനിച്ചു. വേർതിരിവുകളൊന്നുമില്ലാതെ മലാല സ്വതന്ത്രമായി വളരണം എന്നായിരുന്നു സിയാവുദ്ദീൻ യൂസഫ്സായിയുടെ സ്വപ്നം. ‘ദുരിതം നിറഞ്ഞവൾ’ എന്നായിരുന്നു മലാല എന്ന പഷ്തൂൺ വാക്കിന്റെ അർഥം. അതുകൊണ്ട് തന്നെ തന്റെ പേര് മലാലയ്ക്ക് തീരെ ഇഷ്ടമായിരുന്നില്ല. കുശാൽ, അടൽ എന്നീ സഹോദരങ്ങൾകൂടി മലാലയ്ക്കുണ്ടായിരുന്നു.

2008 മുതലാണ് മലാലയുടെ ജീവിതം മാറിമറിയാൻ തുടങ്ങിയത്. ആ സമയം സ്വാത്തിൽ പിടിമുറുക്കിയ താലിബാൻ തീവ്രവാദികൾ അവിടുത്തെ ജനജീവിതത്തിൽ ഇടപെടുവാൻ തുടങ്ങിയിരുന്നു. പെൺകുട്ടികൾ വീട്ടിലിരിക്കേണ്ടവരാണെന്നും അവർ ആൺകുട്ടികൾക്കൊപ്പം സ്ക്കൂളിൽ പോകുന്നത് മതവിരുദ്ധമാണെന്നുമായിരുന്നു അവരുടെ വാദം. ഈ സാഹചര്യം മലാലയെ തീർത്തും അസ്വസ്ഥയാക്കി. 11-ാം വയസിലും വിദ്യാഭ്യാസത്തിന്റെ. മഹത്ത്വത്തെക്കുറിച്ചും അത് നഷ്ടപ്പെട്ടാൽ ജീവിതത്തിലുണ്ടാവുന്ന തിരിച്ചടികളെക്കുറിച്ചും അവൾക്ക് ബോധ്യമുണ്ടായിരുന്നു. അതുകൊണ്ട്തന്നെ ഈ കാടൻ നയങ്ങൾക്കെതിരെ ഏതെങ്കിലും ചെയ്യണമെന്ന ചിന്ത ആ കൊച്ചു മനസ്സിൽ തീക്കനലായി ജ്വലിച്ചു.



# “ഒരുകുട്ടി, ഒരു അധ്യാപകൻ, ഒരു പേന ലോകത്തെ മാറ്റിമറിക്കുവാൻ ഇവ ധാരാളം മതി.

**(വിദ്യാഭ്യാസമാണ് ഏക പരിഹാരം വിദ്യാഭ്യാസം ആദ്യം.)**

**<u>മലാല</u>**


മലാല താലിബാനെതിരെ അതിശക്തമായ രീതിയിൽ രംഗത്തിറങ്ങി. താലിബാന്റെ മനുഷ്യത്ത്വരഹിതമായ നയങ്ങൾക്കെതിരെ അവൾ പരസ്യമായി പ്രതികരിച്ചു. മാധ്യമങ്ങൾ മലാലയുടെ ഈ പ്രതികരണം ഏറെ പ്രാധ്യാനത്തോടെ നൽകി. അതോടുകൂടി മലാല രാജ്യം മുഴുവൻ ശ്രദ്ധയാകർഷിച്ചു തുടങ്ങി. സ്വാഭാവികമായും ഇത് താലിബാനെ ചൊടിപ്പിച്ചു. 2009ന്റെ തുടക്കത്തിൽ BBC യുടെ പാക് ലേഖകൻ സ്വാത്തിലെ പെൺകുട്ടികളുടെ ജീവിതത്തെക്കുറിച്ച് പുറംലോകത്തെ അറിയിക്കുവാൻ അവിടെ നിന്നൊരു ലേഖകനെ അന്വേഷിച്ചെത്തി. ഭയം കാരണം ആരും അതിനുമുതിർന്നില്ല. എന്നാൽ എഴാം ക്ലാസ്കാരിയായ ഒരു കുട്ടി മാത്രം മുന്നോട്ടുവന്നു “മലാല”. അതിനായി ഗുൽമക്കായി എന്ന തൂലികനാമം അവൾ തെരഞ്ഞെടുത്തു.

2012 ജൂലൈ 9 അന്ന് മലാല എന്ന 15 കാരിക്ക് പരീക്ഷയായിരുന്നു. പരീക്ഷ കഴിഞ്ഞു വീട്ടിലേക്ക് സ്ക്കൂൾവാനിൽ കൂട്ടുകാരോടൊത്തു മടങ്ങുകയായിരുന്നു അവൾ. നഷ്ടമായ വസന്തകാലം ഒരിക്കൽ കൂടി തിരിച്ചുകിട്ടിയതിന്റെ സന്തോഷത്തിൽ ഇരുന്ന അവളുടെ മുൻപിലേക്ക് മറ്റൊരു വാൻ വന്നു നിന്നു. അതിൽനിന്നു ഇറക്കിയ ആയുധധാരികളായ ചെറുപ്പക്കാർ “ആരാണ് ഇതിൽ മലാല” എന്ന് ആക്രോശിച്ചു. ആ ചോദ്യത്തെ മലാലനേരിട്ടത് തന്റെ നിഷ്കളങ്കമായ എന്നാൽ നിശ്ചയദാർഢ്യം തുളുമ്പുന്ന നോട്ടത്തോടെയായിരുന്നു എന്തും വരട്ടെ എന്ന മട്ടിൽ. ആ ഒരു നിമിഷം ധാരാളമായിരുന്നു അവർക്ക് അവളെ തിരിച്ചറിയാൻ. പോയിന്റ് ബ്ലാങ്കിൽ തന്റെ ഇരയെ കിട്ടിയ ആവേശത്തിൽ അയാൾ അവൾക്ക് നേരേ നിറയൊഴിച്ചു. വെടിയുണ്ടകൾ അവളുടെ തലയും കഴുത്തും തുളച്ച് കയറി. നിലവിളിക്കാൻ പോലുമാവാതെ അവൾ പിന്നിലേക്ക് മറിഞ്ഞുവീണു. ഇരയെ വേട്ടയാടിയ ആനന്ദത്തിൽ മതിമറന്ന് അക്രമി തിരിച്ചുപോയി. ഏത് അസ്തമയത്തിനുശേഷവും ഒരു ഉദയം ഉണ്ടായിരിക്കുമെന്ന് ആ വിഢ്ഢി അറിഞ്ഞിരുന്നില്ല.

ലോകത്തിന്റെ പലഭാഗത്തുനിന്നും മലാലയ്ക്ക് ചികിത്സാവാഗ്ദാനങ്ങൾ പ്രവഹിച്ചു തുടങ്ങി. അതിനായി ജർമ്മനി, അമേരിക്ക, ബ്രിട്ടൺ തുടങ്ങിയ ലോകരാജ്യങ്ങൾ മുന്നോട്ടു വന്നു. ഒടുവിൽ മലാലയെ ബ്രിട്ടണിലെ ക്യൂൻ എലിസബത്ത് ഹോസ്പിറ്റലിലേക്ക് കൊണ്ടുപോകാൻ പാക്ക് സർക്കാർ തീരുമാനമെടുത്തു. മൂന്നുമാസത്തിനുള്ളിൽ അരഡസനോളം ശാസ്ത്രക്രിയകൾക്ക് ആ ബാലികയെ വിധേയയാക്കി. ഒടുവിൽ ആ തീക്കനൽ ജീവിതത്തിലേക്കും ലോകത്തിലേക്കും മെല്ലെ ആളിപ്പടർന്നു.

ആക്രമണം നടന്ന് ഒമ്പതാം മാസത്തിൽ 16–ാം പിറന്നാൾ ദിനത്തിൽ ഐക്യരാഷ്ട്ര സഭയിൽ സംസാരിക്കാൻ മലാലയ്ക്ക് ക്ഷണംലഭിച്ചു. ലോകരാജ്യങ്ങളിലെ നയതന്ത്ര പ്രതിനിധികളുടെയും വിശിഷ്ട വ്യക്തികളുടെയും മുൻപിൽ അവൾ എന്താണ് പറയുക എന്നതിനെകുറിച്ച് അവൾക്ക് ആശങ്കങ്ങൾ ഇല്ലായിരുന്നു. ഒടുവിൽ പ്രസംഗത്തിന് ഏതാനും ദിവസങ്ങൾക്ക് മുൻപ് അവൾ ഒരു കഷണം കടലാസിൽ എഴുതിയ തന്റെ പ്രസംഗം തന്റെ പിതാവായ “സിയാവുദീൻ യുസാഫ്സായിക്ക് നൽകി. അതിൽ ഇങ്ങനെ രേഖപ്പെടുത്തിയിരുന്നു.”

“തളർച്ചയും ഭയവും നിരാശയും മരിച്ചു. ആത്മവിശ്വാസവും ധൈര്യവും കരുത്തും എന്നിൽ തളിർത്തിരിക്കുന്നു. അതേ പഴയ മലാല തന്നെയാണ് ഞാൻ.” അതേ മലാലയാണ് ഇന്ന് പെൺമയുടെ സുധീരമായ പ്രതീകം.



# നാൻ പെറ്റ മകനെ....



**Jishnu. S**
2nd Politics

ജീവിതത്തിലെ അർത്ഥമാം നാളൊന്നിൽ
ജീവന്റെ കണികയായ് ഭൂവിൽ പതിച്ചതും
മകനെന്നു ചൊല്ലി അന്നാരോ മന്ത്രിച്ചതും
കാണുവാൻ വെമ്പിയെൻ ഹൃദയം തുടിച്ചതും
കാത്തിരുന്നു ഞാൻ നീണ്ട യാമങ്ങളിൽ
താനേ തുറന്നെന്റെ കണ്ണുകൾ മെല്ലെ ഞാൻ
ആർത്തിയോടെ തിരഞ്ഞെന്റെ ജീവനെ
കണ്ടുഞാനപ്പോൾ, നീട്ടിയെൻ കൈകളും
ആരോ വിലക്കിയെന്നോർമ്മ മൊഴിയുന്നു
മെല്ലെ എൻ കണ്ണുകൾ വീണ്ടും അടഞ്ഞതും
പേരൊന്നു ചൊല്ലി വിളിയ്ക്കുവാൻ വെമ്പിഞാൻ
അമ്മിഞ്ഞപ്പാലിനായ് കേണു എൻ പൈതലും..
ഓർക്കുന്നു ഞാൻ ആ നാളിലെ വേദന
മെല്ലെ തലോടിയുറക്കിയെൻ ജീവനെ
സ്വപ്നങ്ങൾ നൽകി വളർത്തി അവനെ ഞാൻ
സ്വപ്നലോകത്തിൽ ഞാൻ ജീവിച്ചു നിത്യവും
പോരൊന്നു ചൊല്ലി വിളിച്ചു ഒരുനാളിൽ
ഇന്നും അവനായ് കേഴുന്നു ഞാനിതാ
ഒരു നാളിൽ അവനോർക്കുമീ അമ്മയെ
അവനായ് കണ്ണുനീർ വാർത്തൊരീ അമ്മയെ
ആകാശത്തോളം വളർത്തിയ സ്വപ്നവും
ആർത്തിരമ്പുന്നൊരീ അമ്മതൻ ഹൃദയവും
ഒരുനാളിൽ അവനോർക്കുമീ അമ്മയെ!
അവനായി ജന്മം നൽകിയോരുൺമയേ...

# Christiano Ronaldo



**Praveen Pradeepan**
3rd Politics




ആരാണ് റൊണാൾഡോ? കേരളത്തിലെ അല്ലെങ്കിൽ ഫുട്ബോൾ ആരാധകരോട് ഈ ചോദ്യം ചോദിച്ചാൽ അവർ പറയുന്ന ഉത്തരം പോർച്ചുഗൽ നാഷണൽ ടീമിന്റെ ഒരു താരം. അതുമല്ലെങ്കിൽ സ്പാനിഷ് ലീഗിൽ റയൽമാഡ്രിഡിനു വേണ്ടി കളിക്കുന്ന ഒരു താരം,. ലോകോത്തര ഫുട്ബോളർ, ഗോൾഡൻ ബൂട്ട് ലഭിച്ച ഫുട്ബോളർമാരിൽ ഒരാൾ ഇതൊക്കെ ആയിരിക്കും അവരുടെ ഉത്തരങ്ങൾ, പക്ഷെ ശരിക്കും ക്രിസ്റ്റ്യാനോ റോണാൾഡോ ആരായിരുന്നു? എങ്ങനെ ആയിരുന്നു റൊണാൾഡോയുടെ ജീവിതം.?

ക്രിസ്റ്റ്യാനോ റൊണാൾഡോ ഡോസ് സാന്റോസ് അവേറോ എന്നാണ് മുഴുവൻ പേര്. 1985 ഫെബ്രുവരി 5 ന് പോർച്ചുഗലിന്റെ പടിഞ്ഞാറേ ഭാഗത്തുള്ള മദിര ദ്വീപിൽ ഒരു കൊച്ചുകുടുംബത്തിൽ ജനിച്ചു. വളരെ ദരിദ്രമായ കുടുംബമായിരുന്നു റൊണാൾഡോയുടേത് . റൊണാൾഡോയുടെ

ചെറുപ്പത്തിൽതന്നെ റൊണാൾഡോ ഒരു ഫുട്ബോൾ പ്രാന്തൻ ആയിരുന്നു. അവന്റെ ഊണും ഉറക്കവും എല്ലാം ഫുട്ബോൾ തന്നെ ആയിരുന്നു. ഹോംവർക്ക് ചെയ്യാൻ പിടിച്ച് ഇരുത്തിയാൽ ജനാലവഴി പുറത്ത് ചാടി ഫുട്ബോൾ കളിക്കാൻ പോയിരുന്നു അവൻ. റൊണാൾഡോ തന്റെ 12–ാം വയസ്സിൽ നാഷണൽ എന്ന ലോക്കൽ ക്ലബ്ബിൽ കളിക്കുമ്പോൾ തന്നെ, സ്ഥലത്തെ പ്രധാനകളിക്കാരിൽ ഒരാളായി മാറിക്കഴിഞ്ഞിരുന്നു. അധികം താമസിക്കാതെ 2001ൽ തന്റെ അമ്മയ്ക്ക് ഇഷ്ടപ്പെട്ട സ്പോർട്ട് ക്ലബ്ബിൽ റൊണാൾഡോ എത്തി. അതൊരു തുടക്കം മാത്രമായിരുന്നു. കാൽപ്പന്ത് കളിയുടെ ചരിത്രത്തിൽ സ്വർണ്ണ ലിപികളിൽ എഴുതിച്ചേർത്ത ഒരു അദ്ധ്യായത്തിന്റെ തുടക്കം. കൗമാരക്കാരനായ ക്രിസ്റ്റ്യാനോ രണ്ട് കാലിലും ഭാരം കെട്ടിച്ച് പന്ത് ട്രിബിൾ ചെയ്യുമായിരുന്നു. ലിവർപൂൾ മാനേജർ ആയിരുന്ന ജറാഡ് ഹോലർ റൊണാൾഡോയുടെ കഴിവ് മനസിലാക്കി. എന്നാൽ ക്രിസ്റ്റ്യാനോയെ വാങ്ങുന്നതിൽ യാതൊരു താല്പര്യവും അയാൾ അപ്പോൾ കാണിച്ചിരുന്നില്ല. ഒരു 16 കാരൻ ജനിച്ചു, അവൻ ഇനിയും ഒരുപാട് പാകപ്പെടാൻ ഉണ്ട് എന്ന കാഴ്ച്ചപ്പാട് ആയിരുന്നു അയാൾക്ക്.

2003ൽ സമ്മറിൽ സ്പോർട്ടിംഗ് ക്ലബ് അതികായന്മാരായ മാഞ്ചെസ്റ്റർ യുണൈറ്റഡുമായുള്ള മത്സരത്തിൽ അവരെ തോൽപ്പിച്ചതോടെയാണ് റൊണാൾഡോ ശ്രദ്ധേയനാകുന്നത്. കൗമാരക്കാരനായ റൊണാൾഡോയുടെ പന്തടക്കവും ഡ്രിബ്ളിംഗ് പാടവവും എല്ലാവരുടെയും ശ്രദ്ധനേടുകയുണ്ടായി. റൊണാൾഡോയുടെ കളികണ്ട് മാഞ്ചെസ്റ്ററിന്റെ കളിക്കാരിൽ ചിലർ സർ അലക്സിനോട് റൊണാൾഡോയേ മാഞ്ചെസ്റ്ററിൽ കളിപ്പിക്കണമെന്ന് ആവശ്യപ്പെട്ടു. ഒരു കൗമാരക്കാരന് ലഭിക്കുന്ന റെക്കോഡ് തുകയായ 12 മില്യൺ യുറോയ്ക്ക് ക്രിസ്റ്റ്യാനോ മാഞ്ചെസ്റ്റർ എത്തി. നമ്പർ 7 റൊണാൾഡോയ്ക്ക് നൽകി. എന്നാൽ തനിക്ക് 28–ാം നമ്പർ മതിയെന്ന് റൊണാൾഡോ ആവശ്യപ്പെട്ടു. നമ്പർ 7 ഇട്ട് കളിക്കുമ്പോൾ ഉള്ള പ്രഷർ റൊണാൾഡോയ്ക്ക് താങ്ങാൻ പറ്റുമോ എന്ന സംശയം ആയിരുന്നു. ഇത്തരത്തിൽ ഉള്ള സംശയങ്ങൾ കാറ്റിൽ പറത്തി ഒരു മിന്നും താരമായി കളിക്കളത്തിൽ വാഴുകയായിരുന്നു റൊണാൾഡോ. റൊണാൾഢോയുടെ കളികാണാൻ അത് ക്ലബ്ബിനുവേണ്ടിയാകട്ടെ തന്റെ ദേശീയ ടീമായ പോർച്ചുഗലിനു വേണ്ടിയാവട്ടെ, കാണികൾ ലോകത്തിന്റെ നാനാഭാഗത്തുനിന്നു ഒഴുകിയെത്തുമായിരുന്നു. 2007ൽ അമ്മയ്ക്ക് ഉണ്ടായ അർബുദമോ 2005 ൽ തന്റെ സ്നേഹനിധിയായ അച്ഛന്റെ മരണവും റൊണാൾഡോയെ മാനസികമായി ഒരുപാട് തളർത്തിയിരുന്നെങ്കിലും കളിക്കളത്തിൽ ക്രിസ്റ്റ്യാനോയെ ഇതൊന്നും ബാധിച്ചില്ലായിരുന്നു എന്നതാണ് സത്യം. അങ്ങനെ ലോക ഫുട്ബോളർ എന്ന പദവി വരെ അദ്ദേഹത്തെ തേടി എത്തി. 2008ൽ റൊണാൾഡോ തന്റെ ആദ്യ UCL കിരീടം നേടി.




കലാശക്കളിയിൽ മികച്ചകളിക്കാരനായി തിരഞ്ഞെടുക്കപ്പെട്ടത് ഇദ്ദേഹം ആയിരുന്നു. അതേ വർഷം തന്നെ Fita world player of the year ആയി. തെരഞ്ഞെടുക്കപ്പെട്ടു. 40 വർഷത്തിനിടയിൽ Manchester united ൽ നിന്നുള്ള ആദ്യത്തെ 'Ballond'or' ജേതാവും ആയി.2013 വർഷത്തെ 'Ballond'or' പുരസ്കാരം കൂടി നേടിഫുട്ബോൾ ചരിത്രത്തിലെ പ്രധാന താരങ്ങളിൽ ഒരാളായി ക്രിസ്റ്റ്യനോ. 2015-16 സീസൺ റൊണാൾഡോയുടെ കരിയറിലെ മികച്ച വർഷങ്ങളായി കണക്കാകുന്നു. ഓരോ ദിവസവും തലേന്ന് ചെയ്തതിൽ കൂടുതൽ വർക്ക് ഔട്ട് ചെയ്ത് കഠിന്യാധ്യാനത്തോടെ കളിക്കളത്തിൽ നമ്മളെ വിസ്മയിപ്പിച്ചിരുന്നു.കൃസ്റ്റ്യാനോ നല്ലൊരു കുടുംബനാഥൻ കൂടി ആണ്. ക്രിസ്റ്റ്യാനോയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾ എടുത്തുതന്നെ പറയേണ്ടതാണ്. 2011ൽ തനിക്ക് ലഭിച്ച ഗോൾഡൻ ബൂട്ട് ലേലത്തിൽ വെച്ച് കോടിക്കണക്കിന് രൂപയാണ് ഗാസയിലെ കുട്ടികൾക്കായി റൊണാൾഡോ നൽകിയത്. മദ്യപാനം മൂലമാണ് തന്റെ അച്ഛൻ മരിച്ചത് എന്ന കാരണത്താൽ റൊണാൾഡോയ്ക്ക് മദ്യത്തോട് വെറുപ്പായിരുന്നു. പുകവലി എന്ന ശീലം ഇല്ലായിരുന്നു. സ്ഥിരമായി രക്തദാനം നടത്തുന്ന ഒരാളായിരുന്നു റൊണാൾഡോ ആയതിനാൽ തന്റെ ദേഹത്ത് ഒരു പച്ചപോലും കുത്തിയിട്ടില്ലായിരുന്നു. 2018ൽ റഷ്യൻ world cupൽ സ്പേയിൻ എന്ന ടീമിന് എതിരെ ആദ്യമായി ഹാട്രിക്ക് ഗോൾ നേടുന്ന റെക്കോഡ് സ്വന്തമാക്കി. ഒരു ലോകകപ്പ് തന്റെ സ്വന്തം രാജ്യത്തിനു വേണ്ടി നേടിയെടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല എന്നത് മാത്രമാണ് ഒരു കുറവ്. പക്ഷെ റൊണാൾഡോ എന്ന വ്യക്തിയെക്കുറിച്ച് നോക്കുകയാണെങ്കിൽ ഇതൊരു കുറവല്ല എന്ന് നമുക്ക് മനസിലാക്കാൻ സാധിക്കും. World cupമാത്രമല്ല. ഫുട്ബോളിലെ ഇതിഹാസ താരങ്ങളുടെ ലിസ്റ്റിലേക്ക് ക്രിസ്റ്റ്യാനോ റൊണാൾഡോ എന്ന പേര് എഴുതിച്ചേർക്കപ്പെട്ടു കഴിഞ്ഞു.





**Harsha**
2nd BA Politics

# പ്രതികാരം

ഒരു കൊച്ചുനീർത്തുള്ളി എതിരേറ്റു വാങ്ങുവാൻ
ഇനി ഞാനില്ലെന്നത് ഓർക്കുമായ്...
ഒരു കനിവുമില്ലാതെയീ...ഉലകം ചുറ്റിയ
ഞാനെന്ന സത്യം അണയുകയായ്..
കാലത്തിൻ ശക്തിയിൽ മായ്ക്കുവാൻ കഴിയാത്ത
ഓർമകൾ നിങ്ങൾക്കേകി മറയുന്നു ഞാൻ
കാറ്റിൻ ഗതിയിൽ ആളിപ്പടുരുന്ന
ജ്വാലയായ് ഞാനെന്നും ഓർക്കവേണം
എൻ ചിതയ്ക്കുള്ളിൽ മോഹസാഫല്യം
കത്തിയമരുന്നു നോമ്പരമായ്.....
ഓരോ അണുവിലും കൽപ്പിച്ചിട്ടുള്ളൊരീ
വിധിയെന്ന രണ്ടക്ഷരം മറക്കരുത്
ജീവന്റെ നാഡികൾ തുടിച്ചിരുന്നാലോകത്തിൽ
കുറ്റം പറച്ചിലായ് തീർത്തിരുന്നു.
മരണത്തിനപ്പുറം മൊഴിയുന്നു ചുണ്ടുകൾ
നല്ല വാർത്തകൾക്കായി എന്നുമെന്നും.
ഒരു പുകമറയായ് ഞാനകലുമ്പോഴെങ്കിലും
എൻ ചിതയ്ക്കരികിൽ നീ നിൽക്കവേണം
പൂർണമായ് കത്തിത്തീരുന്ന എന്നെ നീ
ഒരു നീർ പൊഴിക്കാതെ പറഞ്ഞയയ്ക്ക!
ഇതിലും പ്രതികാരമായെന്നു ചെയ്യുവാൻ
ഇനിയെന്നും നീയെന്നെ ഓർത്തുകൊൾക..!!

# ബന്ധനം



**Diya Ghosh**
3rd B.A. Economics



ഇരുട്ടിന്റെ മറവിൽ ബഹിഷ്കരിക്കപ്പെട്ട ജീവന്റെ ഭയാനകമായ അനുഭവമാണ് അവളെനിക്ക്, നഷ്ടങ്ങളുടെ കോണിലെ ഇരമ്പലിൽ നിന്ന് വെളിച്ചത്തിന്റെ ശൂന്യതമാത്രം കത്തിപ്പടരുന്ന ആ മുറിയാകുന്ന ബന്ധനത്തിൽ അവൾ എത്തിയിട്ട് ഒരു വർഷം പൂർത്തിയാകുന്നു. ഓരോ ദിനരാത്രങ്ങളുടെയും നീചമായ ഒറ്റപ്പെടലിനെ താളം തെറ്റിയ മനസ്സാൽ അവൾ വഹിച്ചു. നിലാവിന്റെ വെളിച്ചം ആ മുറിയെ അറിയാതെ തലോടുമ്പോൾ രക്തം നിറഞ്ഞ് കലങ്ങിയ കണ്ണുകൾ അവളുടെ ജ്വാലയെ കൂട്ടി. ദുർഭാഗ്യങ്ങളുടെയും ഭാഗ്യനിരാശകളുടെയും കൂടിച്ചേരൽ അവൾക്ക് നൽകിയത് പ്രയാണത്തിന്റെ മതിലുകളാണ്. ദിവസങ്ങളുടെ നീണ്ട യാത്രയിലും അവളുടെ മനസ്സിനെ ശാന്തമാക്കാനുള്ള വഴികൾ ഞങ്ങൾക്ക് കണ്ടെത്താനായില്ല. ഒരുവർഷത്തെ ദൂരം എന്നെ കൊണ്ട് ചെന്നെത്തിക്കുന്നത് നിയമത്തിന്റെ അതിനിഷ്ഠൂരമായ ക്രയവിക്രയത്തിലാണ്. മനുഷ്യന്റെ ജന്മത്തിന് ജീവനേക്കാൾ വിലകൽപ്പിക്കുന്ന, മാനത്തിനും അഭിമാനത്തിനും വിലകൽപ്പിക്കാത്ത സാമൂഹിക ചിന്തകളെ നിർവ്വികാരം വ്യണപ്പെടുത്തുന്ന ഈ ലോകത്തിന്റെ പോക്കിനെ അവളുടെ കണ്ണുകളിലെ ജ്വാലയുടെ തീവ്രമായ വെളിച്ചത്തിൽ എനിക്ക് തെളിഞ്ഞ് കാണാം.

സാധ്യമായതെന്തും കൈകളിലൊതുക്കി സഹനത്തിന്റെ പാതയെ തെളിച്ച് വികാരവിചാരങ്ങളുടെ തടവറയിൽ നിന്നും പണ്ടെ രക്ഷപെട്ടവളാണ് ഇന്നീ മുറിയുടെ ബന്ധനത്തിൽ അലയുന്നത്. സമൂഹമനസ്സിന്റെ ഇടനാഴിയിൽ ഇനിയും അണയാത്ത ഒരു കരിന്തിരി പോലെ എണ്ണവറ്റിയ തെളിച്ചമായി അവൾ ജീവിക്കുന്നു. സാങ്കൽപ്പികമായ ജീവിത സാഹചര്യങ്ങളെ തേടിപ്പിടിക്കാനോ സ്വപ്നതുല്യമായ ലോകത്തിൽ ജീവിക്കാനോ അവൾ ഇഷ്ടപ്പെട്ടില്ല. മറിച്ച് യാഥാർത്ഥ്യത്തോട് തോൾചേർന്ന് മാത്രമേ അവൾ സഞ്ചരിച്ചിരുന്നുള്ളു അന്നാരാത്രി വെളിച്ചം തട്ടിയെടുക്കുന്നത് വരെ. കേരള സർക്കാരിന്റെ പൂർണപിന്തുണയോടെ പ്രവർത്തിക്കുന്ന അഭയ മന്ദിരത്തിന്റെ പ്രധാന അതിഥികളിൽ ഒരാളായിരുന്നു അവൾ. ആണിന്റെ കൈകളിൽ ജീവനായി പിടയേണ്ടിവരുന്ന പെൺജന്മങ്ങളെ തന്റെ തൂലികകൊണ്ട് അവൾ സമൂഹത്തിലേക്ക് ബന്ധിപ്പിച്ചു. കലിയുഗത്തിന്റെ എല്ലാ അക്രമങ്ങളെയും അവൾ ധീരതയോടെ എതിർത്തു. പെണ്ണിന്റെ മാനുഷിക മൂല്യങ്ങളെ അവൾ വാനോളം ഉയർത്തി. അവളുടെ അവകാശസ്വരം തന്റേത് തന്നെയാക്കി നീണ്ടവർഷം അവൾ പ്രവർത്തിച്ചു. അഭിമാനവും മാനവും അലങ്കാരമല്ല അവകാശമാണെന്ന് അവൾ വാശിപിടിച്ചു.

പക്ഷെ എല്ലാം ആ രാത്രിയുടെ ദീർഘനിശ്വാസത്തിലേക്ക് അടക്കപ്പെട്ടു. കേരളമനസാക്ഷിയെ ഞെട്ടിച്ച വലിയൊരു ദുരന്തകഥയിലെ തോറ്റുപോയ കഥനായിക അതാണവൾ. ചങ്ങലകൾക്കുള്ളിലെ ബന്ധനത്തിന്റെ സ്രോതസായി അവളുടെ കൈകാലുകൾ ഞെരുങ്ങുന്നത് ഞാൻ കണ്ടു. അഭയ മന്ദിരത്തിന്റെ ഓരോ കോണിലും അടക്കപ്പെട്ടു പെൺ ബാല്യങ്ങളെയും യുവത്വത്തിനെയും അവൾ നിറകണ്ണീരോടെ നോക്കിയത് ഇന്നും ഞാൻ ഓർക്കുന്നു. എന്നാൽ മനസ്സാക്ഷിയെതന്നെ മരവിപ്പിക്കുന്ന ദുരന്തങ്ങളെ തന്റെ തൂലികയുടെ ശക്തിയാൽ നിർണ്ണയിക്കപ്പെട്ടപ്പോൾ ഒളിഞ്ഞിരുന്ന കാമദാഹികളെ അവൾ അറിഞ്ഞില്ല. രാഷ്ട്രീയത്തിന്റെയും സമ്പത്തിന്റെയും നൂലിനാൽ ഈ ലോകം ബന്ധിച്ചവർ ഇവളുടെ ആയുസിന്റെ വലിപ്പവും ചാരിത്രത്തിന്റെ വിലയും ഒരു രാത്രിയുടെ ഇടവേളയിൽ നിശ്ചയിച്ചു. വിലക്കപ്പെട്ട തന്റെ സഹോദരിമാരുടെ കണ്ണീർ തുടക്കാൻ ശ്രമിച്ച അവൾ താളംതെറ്റിയ മനസ്സുമായി ഒന്ന് പൊട്ടിക്കരയാൻ പോലുമാകാതെ എന്റെ മുന്നിൽ നിൽക്കുന്നു.



അവളൊന്നും ചെയ്തില്ല, അവൾ നിറച്ച പുഞ്ചിരിയുടെ തണലാൽ ആത്മഹത്യ ചെയ്യാത്ത വരായി ഇന്നും അഭയമന്ദിരത്തിൽ ജീവിക്കുന്നവരു ണ്ട്. ആ ജീവിതങ്ങളുടെ കണ്ണിൽ നിന്നും പൊഴി യുന്ന ഓരോ തുള്ളിയും അവർക്ക് വേണ്ടി നട ത്തുന്ന പ്രാർത്ഥനയാണ്. പത്രപ്രവർത്തനത്തിന്റെ ശക്തിയെ അതിയായി ഉപയോഗിച്ചതിന് മനുഷ്യർ നൽകിയ സംഭാവന അതാണവളുടെ ഇനിയുള്ള ജീവിതം. ആഴ്ചയിൽ ഒരിക്കൽ ഇവിടെ എത്താ റുള്ള അവളുടെ മനസ്സിനെ ആഴത്തിൽ ചിന്തിപ്പിച്ച ഒരു ചോദ്യം അവളെനിക്ക് പറഞ്ഞു തന്നു. ആ ചോദ്യത്തിന് ഉദാത്തവും യാഥാർത്ഥവുമായ ഒരു ത്തരം എനിക്ക് കണ്ടെത്താൻ കഴിഞ്ഞില്ല. അഴിക ളുടെ ഇടയിലൂടെ എന്നെ നോക്കാതെ നോക്കുന്ന അവളുടെ കണ്ണുകൾ എനിക്കാ ഉത്തരം തരുന്നില്ല. ജീവിതം പിച്ചിച്ചീന്തപ്പെട്ട് ജീവൻ ത്യജിക്കാൻ തയ്യാറായ ഒരു പെണ്ണിന്റെ ഒടുങ്ങാത്ത കണ്ണീർ തെളിച്ച് കൊടുത്തതാണ് അവൾക്കാ ചോദ്യം എന്നെ പിച്ചച്ചീന്തിയ കാപാലികർ നിയമത്തി ന്റെയും നിയമപാലകരുടെയും അകമ്പടിയോടെ ഇനിയും മതിവരാത്ത കാമഭ്രാന്തുമായി എന്റെ സഹോദരങ്ങളെ ഉറ്റുനോക്കുമ്പോൾ അവനാൽ ജീവിതവും മാനവും നഷ്ടപ്പെട്ട് ഞാൻ എന്തിനീ ചുവരുകൾക്കുള്ളിൽ ബന്ധിപ്പിക്കപ്പെട്ടിരിക്കുന്നു. ഇട്ട ബന്ധനത്തിന്റെ തീവ്രത അർഹിക്കപ്പെടേണ്ട വർ അറിയുന്നില്ല. ഈ ലോകം ആ അനുഭവത്തിന് ശേഷം എത്ര നിഷ്ഠൂരമാണെന്ന് അവളെന്നോട് ചോദിച്ചു. പ്രതികരിക്കുന്നവർക്കും സഹായിക്കുന്ന വർക്കും മുമ്പിൽ ഈ സമൂഹം നിരത്തുന്ന ബന്ധന ത്തിന്റെ ബാക്കി പത്രങ്ങളാണ് അവളുൾപെടുന്ന അഭയ മന്ദിരത്തിലെ ജീവിതങ്ങൾ സ്വതന്ത്ര്യ ത്തിന്റെ ചിറകുകൾ നൽകി ഭൂമിയിലേക്ക് ഇറക്ക പ്പെട്ട കുഞ്ഞുമാലാഖമാർക്ക് വേണ്ടി ദൈവദൂത നായി എത്തിയ അവൾ ഇട ലോകം അറിയുന്നില്ല. നിലാവിന്റെ അറപ്പിക്കുന്ന ഈ വെളിച്ചത്തിൽ പതിയെ എന്നിലേക്കോ എങ്ങോട്ടോ അണയപ്പെ ടുന്ന അവളുടെ മനസ്സ് തുറക്കുന്നത് അബോധ ത്തിന്റെ വിഹായസിലേക്കാണ്. ഇനിയും അവൾ ഉണരല്ലേ ഈ ലോകം അവൾ കാണല്ലേ എന്ന പ്രാർത്ഥനയോടെ നിറയുണ കണ്ണുകളുമായി ഞാൻ ആ ഭയപ്പെടുത്തുന്ന ഇരുട്ടിന്റെ ബന്ധനത്തി ലേക്ക് മാറി.

**തുറക്കപ്പെടാത്ത താഴിട്ട് പൂട്ടിയ നഷ്ടജീ വിതത്തിലേക്ക്**



# ആദ്യമായ് കണ്ടനാൾ

**Ananthu Asokan**
2nd year B.Com

അന്നാ നദിയുടെ തീരത്ത് വച്ചുഞാൻ
നിന്നെയന്നാദ്യമായി കണ്ടുമുട്ടീ....
അന്നാദ്യം കണ്ട നിൻ കൺമഷി-
ക്കണ്ണുകൾ പലതും പറയാനുണ്ടെന്ന് ചൊല്ലി...
പിന്നെ പതിവായി വന്നു ഞാൻ, ആ കരയിൽ
പലതും കേൾക്കുവാൻ, ചൊല്ലിടുവാൻ
ഹൃദയം പകത്തൊന്ന് നൽകീടുവാൻ...
മഴമാറി വെയിൽ വന്നു
വെയിൽ മാറി മഴ വന്നു
കാലങ്ങൾ പലതും കൊഴിഞ്ഞു പോയി
എന്റെ പ്രണയവും നീയോ മറന്നുപോയി...
ഒറ്റക്കിരുന്നൊന്ന് ഓർത്തോർത്ത് പാടുവാൻ
ഓർമ്മകൾ ഒരുപാട് തന്നുപോയി
എന്റെ എരിയും മനസ്സിന്റെ നോവുകൾ അറിയാതെ
എന്നെ സ്വയം ശപിച്ചിടുന്നു...
നിന്റെ ഒരുപാടോർമ്മയിൽ വസിച്ചിടുന്നു.
ഇന്നും വസിച്ചിടുന്നു...".
"'ഒരു മൃതദേഹമായി വസിച്ചിടുന്നു.'"




സ്മരണ

# ഒരു കടുകുമണി വളർന്ന് മരമായി മാറിയ കഥ



**ആനന്ദ് പീറ്റർ**
ചീഫ് എഞ്ചിനീയർ നാഷണൽ മറൈൻ ഡ്രഡ്ജിംഗ് കമ്പനി, അബുദബി

“ആളും അർത്ഥവും ആയുധങ്ങളും ഉണ്ടെങ്കിലും പോരാടുവാനുള്ള നിശ്ചയദാർഢ്യം ഇല്ലെങ്കിൽ യുദ്ധം ജയിക്കാനാവില്ല. എന്നാൽ സാഹചര്യങ്ങളെല്ലാം പ്രതികൂലമാണെങ്കിലും പൊരുതുവാനുള്ള മനസ്സും ദൈവകൃപയും ഉണ്ടെങ്കിൽ അസാധ്യമായത് ഒന്നുമില്ല.‘

വൈക്കം താലൂക്കിലെ ഒരു ഉൾനാടൻ ഗ്രാമമായ കൊതവറയിൽ 1981ൽ സ്ഥാപിതമായ സെന്റ് സേവിയേഴ്സ് കോളേജ് ഒരുകൂട്ടം ഗ്രാമവാസികളുടെ ഇച്ഛാശക്തിയുടെയും ആത്മവിശ്വാസത്തിന്റെയും അവർക്ക് ലഭിച്ച ദൈവ കൃപയുടെയും പ്രതീകമാണ്. 1970 കളുടെ അവസാന കാലത്ത് കൊതവറ ഇടവകയുടെ മധ്യഭാഗത്തുള്ള അക്കാലത്ത് ഒരു ചെറിയ ആശുപത്രി മാത്രം പ്രവർത്തിച്ചിരുന്ന മനയ്ക്കൽ പുരയിടത്തിൽ ഒരു പള്ളി വേണമെന്ന ആവശ്യം ശക്തമാവുകയും അവിടെ പുതിയ പള്ളിയുടെ നിർമ്മാണം ആരംഭിക്കുകയും ചെയ്തു. ഇടവകയുടെ ഒരു വിദൂര മൂലയിലാണ് പഴയ കരിയാറ്റിൻകര പള്ളി എന്നതായിരുന്നു അതിനുള്ള പ്രധാന കാരണം. 1980 ഡിസംബറിൽ, പ്രൗഢഗംഭീരമായിരുന്ന കരിയാറ്റിൻകര പള്ളിയിൽ നടത്തിയ അവസാന ഇടവക തിരുനാളിനു ശേഷം മനയ്ക്കൽ പുരയിടത്തിൽ ഉള്ള പുതിയ പള്ളിയുടെ കൂദാശ നിർവഹിച്ചു. അതോടെ പ്രസക്തി നഷ്ടപ്പെട്ട കരിയാറ്റിൻകര പള്ളി ഇരിക്കുന്ന വിശാലമായ പുരയിടം എന്തുചെയ്യണമെന്ന ആലോചനയിലായി ഇടവക സമൂഹം.

ശ്രീ ഇ കെ നായനാർ മുഖ്യമന്ത്രിയായ ആദ്യ എൽഡിഎഫ് സർക്കാരിൽ ശ്രീ ബേബിജോൺ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ പുതിയ ജൂനിയർ കോളേജുകൾക്ക് അനുമതി നൽകുന്നതിനായി അപേക്ഷകൾ ക്ഷണിച്ചുകൊണ്ട് ഒരു സർക്കുലർ ഇറക്കുകയും പ്രമുഖ ദിനപത്രങ്ങളിൽ അത് പരസ്യപ്പെടുത്തുകയും ഉണ്ടായി. ( അന്ന് എം ജി യൂണിവേഴ്സിറ്റി നിലവിലില്ല, 1983 ലെ ഗാന്ധിജയന്തി ദിനത്തിലാണ് എം ജി യൂണിവേഴ്സിറ്റി സ്ഥാപിതമായത്)

അധികം ആരാലും ശ്രദ്ധിക്കപ്പെടാതെ പോയ പ്രസ്തുത പരസ്യം ദീപിക ദിനപത്രത്തിൽ കാണുകയും അതുമായി ഇടവകയിലെ പല വീടുകളിലും പോയി സമൂഹത്തിൽ ഒരു ചലനം സൃഷ്ടിക്കുകയും ചെയ്തതിൽ പ്രധാനി ശ്രീ ടി ടി ജോൺ താഴത്ത് ആണ്. വൈകാതെ ഇടവകവികാരി ബഹുമാനപ്പെട്ട ആൻറണി ചാത്തമ്പറമ്പിൽ അച്ചന്റെ നേതൃത്വത്തിൽ കൂടിയ പാരിഷ് കൗൺസിൽ ഈ വിഷയം ചർച്ച ചെയ്തു. എന്നാൽ ഇടവകയ്ക്ക് ഭീമമായ സാമ്പത്തിക ബാധ്യത വരുത്തിവയ്ക്കുന്ന ഈ ഉദ്യമത്തോട് ഭൂരിപക്ഷവും സംശയവും വിയോജിപ്പും പ്രകടിപ്പിച്ചു. ഒരു കോളേജ് വന്നാൽ അതുമൂലം നാടിന് ഉണ്ടാകാവുന്ന സാമ്പത്തികവും സാമൂഹികവും വിദ്യാഭ്യാസപരവുമായ പുരോഗതിയെക്കുറിച്ച് നാട്ടുകാരെ ബോധ്യപ്പെടുത്താനുള്ള ശ്രമങ്ങളായി പിന്നീട്. ഇതിൽ കുറെയൊക്കെ വിജയിച്ചുവെങ്കിലും നല്ലൊരുഭാഗം ഇടവകാംഗങ്ങളും വിയോജിപ്പ് തുടർന്നു. വൈക്കം ഫൊറോനയിലെ മറ്റ് ഇടവകകളെക്കൂടി ഉൾപ്പെടുത്തി കൂട്ടു ഭരണത്തിൽ ഒരു കോളേജ് എന്ന ആശയത്തോടെ ഫൊറോനാ തലത്തിൽ ഒരു മീറ്റിംഗ് നടത്തിയെങ്കിലും പ്രയോജനമൊന്നുമുണ്ടായില്ല. തികച്ചും പ്രതികൂലമായ ഈ സാഹചര്യത്തിൽ എതിർപ്പുള്ള ഇടവകക്കാരെ സാവകാശം വിശ്വാസത്തിലെടുക്കുവാൻ സാധിക്കുമെന്ന ആത്മവിശ്വാസത്തോടെ ചിലർ രംഗത്തെത്തി. കോളേജിനുള്ള അപേക്ഷയുമായി തൽക്കാലം മുന്നോട്ടുപോകാം അംഗീകാരം കിട്ടിയാൽ ബാക്കി കാര്യം പിന്നീട് ആലോചിക്കാം എന്ന പ്രായോഗിക സമീപനത്തിന് ആന്റണി ചാത്തപ്പറമ്പിൽ അച്ചൻ അംഗീകാരം നൽകി.

അന്നത്തെ ഇടവക കൈക്കാരന്മാർ ആയിരുന്ന ശ്രീ ടി കെ സേവ്യർ തുണ്ടപ്പറമ്പിൽ ( ഇദ്ദേഹം അക്കാലത്ത് കെപിസിസി മെമ്പർ എന്നതിന് പുറമേ ലാൻഡ് ബോർഡ് മെമ്പർ കൂടിയായിരുന്നു), ശ്രീ ഔസേപ്പച്ചൻ വൈക്കത്തു ശ്ശേരിൽ എന്നിവരും, ശ്രീ എം ഒ ചാക്കോ മുണ്ടയ്ക്കൽ, ശ്രീ ടി ടി ജോൺ താഴത്ത്, ശ്രീ കെ ഒ സേവ്യർ കുമ്മനത്ത്ശ്ശേരിൽ, ശ്രീ പി സി മാത്യു പുത്തേത്, പ്രൊഫസർ എം വി പീറ്റർ മുണ്ടയ്ക്കൽ എന്നിവരുമാണ് കോളേജിനായി ഉള്ള ശ്രമങ്ങൾ മുന്നോട്ടുനയിച്ചതിൽ പ്രധാനികൾ.

ഔദ്യോഗികമായ ഒരു തീരുമാനം എടുക്കുവാൻ വളരെയേറെ കാലതാമസം ഉണ്ടായതിനാൽ അവസാന തീയതിക്ക് മുൻപ് കുറ്റമറ്റരീതിയിൽ കോളേജിനായുള്ള അപേക്ഷ സമർപ്പിക്കുക എന്നതായി അടുത്ത കടമ്പ. അവശ്യമായ രേഖകൾ സഹിതം അപേക്ഷ തയ്യാറാക്കി കഴിഞ്ഞപ്പോൾ 1980 ഒക്ടോബർ 30 ആയി.

അപേക്ഷ തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി രജിസ്ട്രാർ ഓഫീസിൽ എത്തേണ്ടത് ആവട്ടെ 31 ന് രാവിലെ 10 മണിക്ക് മുൻപ്. അതുകൊണ്ട് സമയം കളയാതെ രാത്രി തന്നെ തിരുവനന്തപുരത്തിന് ബസ് കയറിയ എഡ്യൂക്കേഷണൽ ഡിപ്പാർട്ട്മെന്റിൽ ഉദ്യോഗസ്ഥൻ ആയിരുന്ന ശ്രീ എം ഒ ചാക്കോ മുണ്ടയ്ക്കൽ 31ന് വെളുപ്പിന് തന്നെ തിരുവനന്തപുരത്ത് എത്തുകയും യൂണിവേഴ്സിറ്റി രജിസ്ട്രാർ ഓഫീസിൽ സൂപ്രണ്ടിന് നേരിട്ട് അപേക്ഷ നൽകുകയുമാണ് ഉണ്ടായത്.

കായൽ തീരത്ത് 16 ഏക്കറിന് മുകളിലുള്ള വിശാലമായ പുരയിടം, സമീപത്തുള്ള കോളേജുകളായ ഡി ബി കോളേജ് തലയോലപ്പറമ്പ്, എൻഎസ്എസ് കോളേജ് പള്ളിപ്പുറം തുടങ്ങിയവയിൽനിന്നുള്ള 20 കിലോമീറ്ററിൽ കുറയാതെ ഉള്ള ദൂരം എന്നിവ മാത്രമായിരുന്നു കൊതവറ ഇടവകയ്ക്കുള്ള അനുകൂലഘടകങ്ങൾ. ഭരണപരിചയം പറയുകയാണെങ്കിൽ 1922 ൽ സ്ഥാപിതമായ ഒരു എൽപി സ്കൂൾ, 1970 ൽ സ്ഥാപിതമായ ചെറിയ ഒരു ആശുപത്രി എന്നിവയുമുണ്ടായിരുന്നു. എന്നാൽ 200 ന് അടുത്ത് കുടുംബങ്ങൾ മാത്രമുള്ള ഒരു ഗ്രാമീണ ഇടവക സമൂഹത്തിന് ഒരു ആർട്സ് ആൻഡ് സയൻസ് കോളേജ് നിർമ്മിക്കുന്നതിനും നന്നായി നടത്തിക്കൊണ്ടുപോകുന്നതിനുമുള്ള സാമ്പത്തിക, ഭരണനിർവഹണ ശേഷി ഉണ്ട് എന്ന് തെളിയിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. പ്രത്യേകിച്ച് അടുത്തുള്ള കുടവെച്ചൂർ ഇടവകയും കോളേജിനായുള്ള അനുമതിക്കായി ശ്രമിക്കുന്ന സാഹചര്യത്തിൽ. അവർ വളരെ നേരത്തേതന്നെ ശ്രമങ്ങൾ ആരംഭിക്കുകയും എറണാകുളം രൂപതയുടെ പിന്തുണ അത് അനൗദ്യോഗികമായി ആണെങ്കിൽ കൂടി നേടുകയും ചെയ്തിരുന്നു എന്നാൽ 1981 ഓഗസ്റ്റ് 21ന് കൊതവറക്കാരെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ചുകൊണ്ട് ജൂനിയർ കോളേജിനുള്ള പ്രൊവിഷണൽ അഫിലിയേഷൻ കേരള യൂണിവേഴ്സിറ്റിയിൽ നിന്ന് ലഭിച്ചു. അതിനുപിന്നിൽ ഉല്ലല സ്വദേശിയായിരുന്ന റവന്യൂമന്ത്രി ശ്രീ പി എസ് ശ്രീനിവാസൻ ചെലുത്തിയ സ്വാധീനം ആയിരുന്നു എന്നത് പ്രത്യേക സ്മരണ അർഹിക്കുന്നു.

പിന്നീടുള്ള കാര്യങ്ങൾ ദ്രുതഗതിയിലായിരുന്നു. താൽക്കാലികമായി തട്ടിക്കൂട്ടിയ ഓലമേഞ്ഞ, പനമ്പ് കൊണ്ട് മറച്ച ഹാളിൽ 3 ക്ലാസ് മുറികൾ തയ്യാറാക്കി.

80 കുട്ടികൾ വീതം തേർഡ് ഗ്രൂപ്പിന്റെ 2 ബാച്ചിലേക്കും ഫോർത്ത് ഗ്രൂപ്പിന്റെ ഒരു ബാച്ചിലേക്കും ഉള്ള പ്രവേശനം നടത്തി. വൈക്കം നടേൽ പള്ളിയിൽ വെച്ച് നടത്തിയ ഇൻറർവ്യൂവിൽ ആദ്യത്തെ മൂന്ന് അധ്യാപകരായി ശ്രീമതി ശാന്ത ജി നായർ (ഹിന്ദി), ശ്രീ പള്ളിപ്പുറം മുരളി (മലയാളം), ശ്രീ ബാബു ജോസഫ് (എക്കണോമിക്സ്) എന്നിവരെ തെരഞ്ഞെടുത്തു.

പിന്നീട് ശ്രീമതി പി ജെ അന്നമ്മ (ഇംഗ്ലീഷ്), ശ്രീമതി ഏലമ്മ തോമസ് (ഹിസ്റ്ററി), ശ്രീ ജോസഫ് അഗസ്റ്റിൻ (പൊളിറ്റിക്കൽ സയൻസ്) എന്നിവരെ കൂടി നിയമിച്ചു. ഒക്ടോബർ 19ന് നടത്തിയ ഔദ്യോഗിക ഉദ്ഘാടനത്തിൽ വിദ്യാഭ്യാസ മന്ത്രി ശ്രീ ബേബിജോണും റവന്യൂമന്ത്രി ശ്രീ പി എസ് ശ്രീനിവാസനും മുഖ്യാതിഥികളായിരുന്നു. അങ്ങനെ 1981 ഒക്ടോബറിൽ ആറ് അധ്യാപകരും ഏഴ് ഓഫീസ് ജീവനക്കാരും 240 വിദ്യാർത്ഥികളുമായി ഇടവക മധ്യസ്ഥനായ സന്റ്റെ സേവിയറിന്റെ നാമത്തിൽ കൊതവറയിൽ ഒരു ജൂനിയർ കോളേജ് പ്രവർത്തനം ആരംഭിച്ചു. ഫാദർ ആൻറണി വരിക്കാനി ആയിരുന്നു ആദ്യത്തെ പ്രിൻസിപ്പാൾ. പഴയ പള്ളിമേടയുടെ താഴത്തെ നില സ്റ്റാഫ് റൂം ആയും രണ്ടാംനിലയിലെ വികാരിയച്ചന്റെ ഓഫീസ് കോളേജ് ഓഫീസ് ആയും മാറ്റി. 1982 അധ്യയന വർഷാരംഭത്തിൽ തന്നെ കോളേജ് ക്യാമ്പസിന്റെ കിഴക്ക് ഭാഗത്തായി സയൻസ് ബ്ലോക്ക് പണി തീരുകയും ഫസ്റ്റ് ഗ്രൂപ്പ്, സക്കെൻഡ് ഗ്രൂപ്പ് ക്ലാസുകൾ അവിടെ ആരംഭിക്കുകയും ചെയ്തു. അപ്പോഴേക്കും രണ്ടാം വർഷത്തിൽ എത്തിയ തേഡ് ഗ്രൂപ്പ്, ഫോർത്ത് ഗ്രൂപ്പ് വിദ്യാർത്ഥികൾക്ക് പഴയ പള്ളിയുടെ വിശാലമായ മോണ്ഡളത്തിൽ ക്ലാസ് ഒരുക്കുകയും ചെയ്തു. പഴയ പള്ളിയുടെ അകത്ത് പിറകിൽ ആയിട്ടാണ് കോളേജ് ലൈബ്രറി ഒരുക്കിയത്. 1983 ൽ ഹ്യൂമാനിറ്റീസ് ബ്ലോക്ക് പണി തീരുകയും തേർഡ് ഗ്രൂപ്പ്, ഫോർത്ത് ഗ്രൂപ്പ് ക്ലാസ്സുകൾ അവിടേക്ക് മാറ്റുകയും ചെയ്തു.

എത്ര മനോഹരമായ നടക്കാത്ത സ്വപ്നമെന്ന് പലരും വിധിയെഴുതിയ കോളേജ് എന്ന ആഗ്രഹം കുറ്റമറ്റരീതിയിൽ സാക്ഷാത്കരിക്കുന്നതിൽ പ്രധാന പങ്കുവഹിച്ചത് സൗമ്യനും മിതഭാഷിയും ആയിരുന്ന ബഹുമാനപ്പെട്ട ആൻറണി ചാത്തപ്പറമ്പിൽ അച്ചൻറെ നീതി ബോധത്തിലധിഷ്ഠിതമായ സുതാര്യവും ധീരവുമായ നിലപാടുകളും ദീർഘ ദൃഷ്ടിയുമാണ്.

ബാലാരിഷ്ടതകൾ ധാരാളമുണ്ടായിരുന്നു കോളേജിന്. ആദ്യത്തെ ബാച്ചിൽ ഫസ്റ്റ് ചാൻസിൽ പാസായത് നാലുപേർ മാത്രമാണ്. രണ്ടാം ബാച്ചിൽ അത് 14 പേരും. വിദ്യാർത്ഥി രാഷ്ട്രീയത്തിന്റെ അതിപ്രസരത്തിൽ രണ്ടാം അധ്യയനവർഷത്തിൽ തന്നെ 52 പഠിപ്പ്മുടക്ക് സമരങ്ങൾ നടന്നിരുന്നു.

1990 മുതൽ 94 വരെ പ്രിൻസിപ്പാളായിരുന്ന റവ:ഫാദർ മാത്യു വേലംകുന്നേൽ ഇങ്കയുടെ കാലത്താണ് അച്ചടക്കവും അധ്യയന മികവുമുള്ള ഒരു കോളേജ് എന്ന നിലയിലേയ്ക്ക് സന്റ്റെ സേവിയേഴ്സ് പരിണമിക്കുന്നത്. ആ കാലയളവിൽ തന്നെയാണ് ഫിസിക്സ്, എക്കണോമിക്സ് ഡിഗ്രി കോഴ്സുകൾ അവിടെ ആരംഭിക്കുന്നത്.

2001 ൽ പ്രീ ഡിഗ്രി കോഴ്സുകൾ വേർപെടുത്തിയത് കനത്ത ക്ഷീണം ആയെങ്കിലും 5 ഡിഗ്രി കോഴ്സുകളും ഒരു പിജി കോഴ്സും ആയിട്ട് 13 ഡിപ്പാർട്ടുമെൻറ്കളിലായി നാൽപതിനടുത്ത് അധ്യാപകരും 12 ഓഫീസ് ജീവനക്കാരുമായി സന്റ്റെ സേവിയേഴ്സ് ഇന്ന് വളർച്ചയുടെ പാതയിലാണ്.

എറണാകുളംഅങ്കമാലി അതിരൂപതയിൽ ഒരു ഇടവക ഭരണത്തിൻ കീഴിലുള്ള ഏക എയ്ഡഡ് കോളേജ് ആണ് സന്റ്റെ സേവിയേഴ്സ് എന്നത് കൊതവറക്കാരെ സംബന്ധിച്ചിടത്തോളം അഭിമാനിക്കാവുന്ന കാര്യമാണ്.

ബൈബിളിൽ യേശു പറഞ്ഞ കടുകുമണിയുടെ ഉപമ ഇവിടെ പ്രസക്തമാണ്. വയലിൽ വിതയ്ക്കപ്പെട്ട മറ്റ് വിത്തുകളെക്കാൾ വളരെ ചെറുതാണ് കടുക് മണി. എന്നാൽ വളർന്നു കഴിയുമ്പോൾ വയലിലെ മറ്റുള്ളവയെക്കാൾ ഉയരമുള്ള ഒരു മരമായി അത് മാറുന്നു. അന്നത്തെ കൊതവറക്കാർ ഉത്സാഹത്തോടെ കളകൾ പറിച്ച് വൃത്തിയാക്കി കിളച്ചൊരുക്കിയ വയലിൽ ആൻറണി ചാത്തപ്പറമ്പിൽ അച്ചൻ നട്ട ആ കടുകുമണിയെ ഇവിടുത്തെ അർപ്പണബോധമുള്ള അധ്യാപകരും അനധ്യാപകരും വെള്ളമൊഴിച്ച് വളമിട്ട് ഒരു മരമായി വളർത്തിയെടുത്തു.

'വിളക്കുകൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല. എല്ലാവർക്കും വെളിച്ചം കിട്ടുന്നതിനായി അത് ഒരു ഉയർന്ന പീഠത്തിലാണ് വയ്ക്കേണ്ടത്'. തീർച്ചയായും സന്റ്റെ സേവിയേഴ്സ് എന്ന കലാലയം പതിനായിരക്കണക്കിന് വിദ്യാർഥികൾക്ക് അറിവിൻറെ പ്രകാശം നൽകി അവരെ ബൗദ്ധിക അക്കാദമിക വളർച്ചയുടെ പടവുകൾ കയറ്റി വിട്ടിട്ടുണ്ട്. പൊതു ഗതാഗത സൗകര്യങ്ങൾ വർദ്ധിപ്പിച്ചും വ്യക്തമായ കാഴ്ചപ്പാടുകളും ദീർഘവീക്ഷണവുമുള്ള പദ്ധതികൾ ആവിഷ്കരിച്ചും കാലിക പ്രസക്തങ്ങളായ സ്വാശ്രയ കോഴ്സുകൾ ആരംഭിച്ച് സാമ്പത്തിക ഭദ്രത കൈവച്ചും എല്ലാറ്റിനുമുപരി ഉയർന്ന അധ്യയന നിലവാരത്തിലേക്ക് എത്തിച്ചും സന്റ്റെ സേവിയേഴ്സ് എന്ന അറിവിന്റെ ദീപം കൂടുതൽ ഉയർന്ന പീഠത്തിൽ ഉജ്ജ്വല പ്രഭയോടെ എക്കാലവും തെളിഞ്ഞ് നിൽക്കട്ടെ എന്ന് ആശംസിക്കുന്നു.



ചരിത്രം അൽപംകൂടി പുറകോട്ട് പോയാൽ:

## കടുകുമണി നട്ട വയൽ ഒരുങ്ങിയ കഥ.

1. കോളേജ് സ്ഥാപനത്തിനും ഒരു നൂറ്റാണ്ട് മുൻപ് ഒരു പള്ളി പണിയുന്നതിനായി കൊതവറയുടെ വടക്കുഭാഗത്ത് ശ്രമങ്ങൾ തുടങ്ങിയിരുന്നു. അന്ന് ഉല്ലലയിൽ പള്ളിയില്ല. വൈക്കം, വടയാർ, വെച്ചൂർ എന്നിവിടെയാണ് അടുത്ത് പള്ളികൾ ഉള്ളത്. എന്നാൽ കൊതവറ യുൾപ്പെടുന്ന തലയാഴത്ത് ജന്മിത്വമുണ്ടായിരുന്ന മരാമിറ്റത്ത് മന ചില തെറ്റിദ്ധാരണകളുടെ ഫ ലമായി പള്ളി പണിക്ക് തടസ്സം നിന്നു. അതിനാൽ മനയുടെ അധികാര പരിധിക്ക് പുറത്ത് ഒരു പള്ളി പണിയുക എന്നത് മാത്രമായി പോംവഴി. അങ്ങനെ വേമ്പനാട് കായൽ തീരത്ത് കരിയാറ്റി ൻകരയിൽ തനിക്കുണ്ടായിരുന്ന വിശാലമായ ഭൂമിയിൽ കുറച്ച് പള്ളി പണിക്കായി നൽകുകയും പ്രൗഢഗംഭീരമായ ഒരു പള്ളി 1870 ൽ അവിടെ നിർമ്മിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്ത മുണ്ടയ്ക്കൽ ഇട്ടൂപ്പിനേയും (അദ്ദേഹം ധർമ്മരാജാവിന്റെ കാലത്ത് തിരുവിതാംകൂറിലെ മന്ത്രിയും പ്രധാന വ്യാപാരിയുമായിരുന്ന തച്ചിൽ മാത്തൂത്തരകന്റെ പ്രപൗത്രനാണ്) ഈ അവ സരത്തിൽ സ്മരിക്കാതെ വയ്യ. അദ്ദേഹത്തിൻറെ തറവാടും ഭൂരിഭാഗം വസ്തുവകകളും പിൽ ക്കാലത്ത് അന്യാധീനപ്പെട്ട് പോവുകയാണ് ഉണ്ടായത്. കരിയാറ്റിൻകര പള്ളി എന്നാണ് എറണാ കുളം രൂപതയുടെ രേഖകളിൽ പഴയ കൊതവറ പള്ളി അറിയപ്പെട്ടിരുന്നത്. കരിയാറ്റിൻകരപ ള്ളി എത്ര പ്രൗഢമായിരുന്നു എന്ന് ആർക്കെങ്കിലും അറിയണമെന്ന ആഗ്രഹം ഉണ്ടെങ്കിൽ, അടു ത്ത കാലത്ത് ബസിലിക്കയായി ഉയർത്തപ്പെട്ട ചമ്പക്കുളം ഫൊറോന പള്ളി കണ്ടാൽ മതിയാ വും. കരിയാറ്റിൻ കരപള്ളി മാതൃകയാക്കി അതേപോലെ നിർമ്മിച്ച ചമ്പക്കുളം പള്ളി കൂദാശ ചെയ്യപ്പെടുന്നത് 1881 ൽ ആണ്.

2. 1947 മുതൽ 1955 വരെ വികാരിയായിരുന്ന ബഹുമാനപ്പെട്ട ജോസഫ് ഇളംകുറ്റുചിറ അച്ചന്റെ കാലത്താണ് കായലിൽ ചതുപ്പ് ആയും അല്ലാതെയും ഉണ്ടായിരുന്ന പള്ളിവക സ്ഥലത്തിൽ കു റെയധികം സർക്കാർ അനുമതിയോടെ ഡ്രഡ്ജ് ചെയ്തു നികത്തിയെടുത്തത്. ഇപ്പോഴത്തെ കോളേജ് ക്യാമ്പസിന്റെ പകുതിയോളം വരും ഇങ്ങനെ വികസിപ്പിച്ച സ്ഥലത്തിന്റെ വിസ്തീർ ണ്ണം.





**Joji Jollychan**
3rd BA Economics

# അഭിമന്യു
## ഓർമ്മകളിലൂടെ

ക്യാമ്പസ് എന്നും വർണപ്പകിട്ടാർന്നതാണ് പണ്ടുകാലത്തു രാഷ്ട്രീയവും പഠനവും കലാകായിക മേളകളും പരിപോഷിപ്പിക്കുന്നതായിരുന്നു ക്യാമ്പസെങ്കിൽ ഇന്ന് അതിനു പരിണാമം സംഭവിച്ചു കൊണ്ടിരിക്കുന്നു. ക്യാമ്പസിൽ രാഷ്ട്രീയം പാടില്ലെന്നുള്ള കോടതി വിധി വിദ്യാർത്ഥികളുടെ മനസ്സിൽ വേരിട്ട ചിന്തകൾ പാകുന്നു അതിന്റെ ഏറ്റവും തിക്തമായ ഫലമാണ് വിദ്യാർത്ഥികൾ പഠനത്തിൽ മാത്രം ഒതുങ്ങിക്കൂടുന്നത്.

ക്യാമ്പസ് എപ്പോഴും ഉണർന്നിരുന്നത് വിവിധതരത്തിലുള്ള കലാലയ രാഷ്ട്രീയ പാർട്ടികളുടെ മുദ്രാവാക്യങ്ങളിലൂടെയായിരുന്നു. അന്ന് ഒട്ടുമിക്ക വിദ്യാർത്ഥികൾക്കും ക്യാമ്പസ് രാഷ്ട്രീയമെന്നതു അവരുടെ കോളേജ് ജീവിതത്തിന്റെ ഭാഗമായിരുന്നെങ്കിൽ ഇന്ന് അത് വിദ്യാർത്ഥികളുടെ പേടിസ്വപ്നമാണ്. ഒരു തരം അവജ്ഞയാണ് ക്യാമ്പസ് രാഷ്ട്രീയത്തോട് അവർക്കുള്ളത്. അതിനുള്ള ഏറ്റവും ഉത്തമമായ ഉദാഹരണമാണ് മഹാരാജാസ് കോളേജിലെ ബിരുദവിദ്യാർത്ഥിയായ അഭിമന്യുവിന്റെ അരുംകൊല!

മഹാരാജാസ് കോളേജ് ക്യാമ്പസ്രാഷ്ട്രീയത്തിന്റെ പേരിൽ പ്രസക്തമാണ്. സ്വയംഭരണ കോളേജായ മഹാരാജാസ് സ്കൂളിന്റെ രൂപത്തിൽ 1845ൽ ആരംഭിച്ചു. പിന്നീട് അത് 1875ൽ കോളേജ് തലത്തിലേക്ക് ഉയർന്നു. ആ കലാലയത്തിലെ മികച്ച ക്യാമ്പസ് രാഷ്ട്രീയത്തിനു ലഭിച്ച തിരിച്ചടിയാണ് സഃ അഭിമന്യുവിന്റെ രക്തസാക്ഷിത്വം.

വർഗ്ഗീയ ശക്തികളുടെ കടന്നുവരവിനു തടയിടുകയെന്നതാണ് ഒട്ടുമിക്കക്യാമ്പസ് രാഷ്ട്രീയ പ്രവർത്തനത്തിന്റെയും പ്രധാനലക്ഷ്യം. അപ്പോഴും ഇതിന്റെയൊക്കെ മറവിൽ വൻകിട ക്വൊട്ടേഷൻ മാഫിയസംഘടനകളുടെ കടന്നുകയറ്റമുണ്ട്. ഇതിന് ഉത്തമ ഉദാഹരണമാണ് സഃ അഭിമന്യുവിന്റെ രക്ഷസാക്ഷിത്വം.

ഇടുക്കി ജില്ലയിലെ മൂന്നാർ എന്ന പ്രദേശത്തെ വട്ടവട എന്ന ചെറിയ ഗ്രാമത്തിലാണ് അഭിമന്യുവിന്റെ ജനനം. കൂലിപ്പണിക്കാരനായ മനോഹരന്റെയും ഭൂപതിയുടെയും ഇളയപുത്രനായ അവന്റെ ജീവിതം കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു.കഷ്ടപ്പാടുകൾക്കിടയിലും പഠിക്കാൻ നന്നേ മിടുക്കുകാണിച്ച അവനു വേണ്ടി ജ്യേഷ്ഠനായ ദർജിത്ത് പഠിപ്പുപേക്ഷിച്ച് അവനെ കോളേജിലേക്ക് അയച്ചു. കലാലയ രാഷ്ട്രീയത്തിൽ സജീവമായിരുന്നു അഭിമന്യു .

വട്ടവട എന്ന ഗ്രാമം അവന്റെ ഓരോ ശ്വാസത്തിലും നിഴലിച്ചിരുന്നു. പൊതു പ്രവർത്തനവും സാമൂഹ്യസേവനവും അവൻ മുഴുവനും ഉപയോഗപ്പെടുത്തിയതു അവന്റെ ഗ്രമത്തിന്റെ വികസനത്തിനുവേണ്ടിയായിരുന്നു. അതിന്റെ ഏറ്റവും വലിയ തെളിവാണ് അവന്റെ ലക്ഷ്യങ്ങളിലൊന്നായിരുന്ന വട്ടവടയിലെ വായനശാല.

അഭിമന്യു ഒരിക്കലും ഒരു ചുമർചിത്രമായി ഒതുങ്ങുന്നില്ല. മറിച്ച് അനശ്വരമായ ഓർമ്മകളിലൂടെ അവൻ എന്നും മനുഷ്യമനസ്സിൽ നിറഞ്ഞു നിൽക്കുക തന്നെ ചെയ്യും.









## വികിരണവിഷം വിഴുങ്ങിയ

# ചെർണോബിയ

**Devu Rejimon**
2nd B.Sc.Chemistry

'ചെർണോബിൽ' എന്ന പേര് കേൾക്കുമ്പോൾ ഇന്നും ഉള്ളം അറിയാതെ പൊള്ളിപോകും. ലോകത്തിൽ ഏറ്റവും കൂടുതൽ ആണവവികിരണമുള്ള പ്രദേശം. 1986 ഏപ്രിൽ 26ന് ലോകത്തിലെ ഏറ്റവും വലിയ ആണവസ്ഫോടനത്തിന് ഇരയായ നഗരം. ശാസ്ത്രലോകത്തിന്റെ പരീക്ഷണവസ്തുവായി മാറിയ നാലു കോടിയിലേറെ ജനങ്ങളുടെ ജീവിതം ഇന്നും ചോദ്യചിഹ്നമായി നിൽക്കുകയാണ് അവിടെ. 33 വർഷം മുൻപ് ആണവനിലയത്തിന്റെ വികിരണവിഷം തിങ്ങിയ ഈ റഷ്യൻ നഗരത്തിൽ ഇനിയും ഇരുപതിനായിരം വർഷംകൂടി മനുഷ്യവാസം അസാദ്ധ്യമാണ്.

ലോകത്തിലെതന്നെ ഏറ്റവും വലിയ ആണവനിലയം സ്ഥാപിക്കാൻ യുക്രൈനിലെ ചെർന്നോബിയയാണ് സോവിയറ്റ് യൂണിയൻ തെരഞ്ഞെടുത്തത്. 1970ലാണ് ആണവനിലയം സ്ഥാപിച്ചത്. റഷ്യൻ സാങ്കേതിക വിദ്യയിൽ വികസിപ്പിച്ചെടുത്ത 1000 മെഗാവാട്ട് വീതം ശേഷിയുള്ള നാല് റിയാക്ടറുകളാണ് അവിടെ ഉണ്ടായിരുന്നത്. 1986 ഏപ്രിൽ 25ന്, രാത്രി നാലാം റിയാക്ടറിൽ ഏതാനും ജൂനിയർ എൻജിനിയർമാർ പരീക്ഷണങ്ങൾ നടത്തുകയായിരുന്നു. റിയാക്ടറിന്റെ പ്രവർത്തനം എന്തെങ്കിലും ആവശ്യത്തിനായി നിർത്തേണ്ടിവന്നാൽ റിയാക്ടറിന്റെ ചൂട് കുറയ്ക്കാനായി വെള്ളം പമ്പ്ചെയ്യിക്കും.

ഇതിന്റെ സമയം ഒന്നര മിനിറ്റിൽ നിന്ന് 30 സെക്കന്റായി കുറയ്ക്കുകയായിരുന്നു പരീക്ഷണ ലക്ഷ്യം. എന്നാൽ പരീക്ഷണത്തിലെ പിഴവ് മൂലം റിയാക്ടറിന്റെ പവർ 200 മെഗാവാട്ടായി കുറഞ്ഞു. ഇതോടൊപ്പം റിയാക്റ്ററിലേക്ക് വെള്ളം പമ്പ് ചെയ്യിക്കുന്ന പമ്പുകളും പ്രവർത്തനരഹിതമായതോടെ പവർ അനേകം ഇരട്ടിയായി ഉയർന്നു. അങ്ങനെ ചെർണോബിൽ നഗര വാസികൾ രാത്രിയുടെ രണ്ടാം നിദ്രയിലേക്ക് ആണ്ടുപോകുന്നതിന് മുൻപ്, 1986 ഏപ്രിൽ 26ന് വെളുപ്പിന് 1.30ന് റിയാക്ടർ പൊട്ടിത്തെറിച്ചു. മുപ്പത്തിനാലോളം ജീവനക്കാർ തീഗോളമായി.മിനിറ്റുകൾക്കകം ഹൈഡ്രജൻ കൂടുതൽ ഉൽപാദിപ്പിക്കപ്പെട്ട് രണ്ടാമത്തെ റിയാക്ടറും പൊട്ടിത്തെറിച്ചു.

മാരകമായ വികിരണങ്ങൾ അന്തരീക്ഷത്തിലൂടെ അതിവേഗം സഞ്ചരിച്ച് അടുത്ത ഗ്രാമങ്ങളിലേക്ക് പടരാൻ തുടങ്ങി. അടുത്തുള്ള വ്യവസായശാലകളിൽ അപായമണികൾ മുഴങ്ങിയെങ്കിലും ഉദ്യോഗസ്ഥർ യാതൊരുവിധ സുരക്ഷാസന്നാഹങ്ങളും ചെയ്തില്ല എന്നതാണ് യഥാർത്ഥ ദുരന്തം. 12 മണിക്കൂറിനുള്ളിൽ ആണവപ്രസരണത്താൽ ഛർദിയും പൊള്ളലുമേറ്റ് ജനങ്ങൾ പിടഞ്ഞുവീഴാൻ തുടങ്ങി.



ചേർണോബിയയിലെ വനത്തിലെ മരങ്ങളിൽ വരെ വികിരണവിഷം ബാധിക്കുകയും ഇലകൾ ചുവന്നു പഴുക്കുകയും മൃഗങ്ങൾ പിടഞ്ഞുവിണുമരിക്കുകയും ചെയ്തു. ആണവസ്ഫോടനം നടന്ന് 24 മണിക്കൂറുകൾക്ക് ശേഷമാണ് വിദഗ്ധർ ഇതിന് വേണ്ടിയുള്ള പരിഹാരമാർഗങ്ങൾ തേടിയതും ജനങ്ങളെ മാറ്റിപാർപ്പിച്ചതും. റേഡിയോ ആക്ടിവ് വികിരണം തടയുന്ന 'മണൽലെഡ്' സംയുക്തം റിയാക്ടറിലേക്ക് പ്രവഹിച്ചെങ്കിലും വളരെ വൈകിപ്പോയിരുന്നു. അപ്പോഴേക്കും മണ്ണിലും വിണ്ണിലും വെള്ളത്തിലും വായുവിലും ആണവവികിരണങ്ങൾ അതിന്റെ ക്രോധരൂപം പകർത്തിയിരുന്നു. ഉടുതുണിപോലും എടുക്കാനാവാതെ ജനങ്ങൾ എല്ലാം അവിടെ ഉപേക്ഷിച്ചു. പിന്നാലെ ജീവനും. ഇന്നും ആ നഗരം ഒരു പ്രേതാലയംപോലെ ഉപേക്ഷിക്കപ്പെട്ടനിലയിൽ കിടക്കുന്നു.

റേഡിയോ ആക്ടീവ് വികിരണങ്ങൾ അന്തരീക്ഷത്തിൽ പടരുന്നത് തടയാൻ സോവിയറ്റ് യൂണിയന് 23 കോടിയിലേറെ പണം ചിലവഴിക്കേണ്ടിവന്നു. എന്നാൽ ഇന്നും ഒരു വർഷം 10 ലക്ഷത്തിനടുത്ത് മരണനിരക്കാണ് ഇവിടെ രേഖപ്പെടുത്തുന്നത്. അതിൽ കൂടുതലും കുട്ടികളാണ്. വികൃതമായ മുഖവുമായി ധാരാളം കുട്ടികളും മൃഗങ്ങളും കാൻസർ ബാധിതരായ ജനങ്ങളും ശാസ്ത്രലോകത്തിന്റെ ദുരന്തശേഷിയായി ഇന്നും ഇവിടെ ജീവിക്കുന്നു.

ഹിരോഷിമയിൽ വീണ ആറ്റം ബോംബിനേക്കാൾ 400 മടങ്ങ് പ്രഹര ശേഷിയുള്ള ആണവസ്ഫോടനമാണ് ചെർണോബിയയിൽ നടന്നത്. ചെർണോബിയൻ ദുരന്തത്തിന്റെ തീവ്രത അളക്കാവുന്നതിലും അപ്പുറമാണ്. ഇന്ന് ഈ നഗരത്തിലൂടെ യാത്രചെയ്താൽ ഗൈഡുകൾ യാതൊരു വസ്തുവിലും തൊടാൻ സമ്മതിക്കില്ല. ഫുൾ സ്ലീവ് ഷർട്ടുകളോ, ദേഹം മുഴുവൻ കവർ ചെയ്യുന്ന വസ്ത്രങ്ങളോ ധരിച്ച് വേണം യാത്ര ചെയ്യാൻ. മനുഷ്യ ശരീരത്തിന് ഹാനികരമല്ലാത്ത റേഡിയേഷന്റെ തോത് 0.31 യൂണിറ്റാണ്. എന്നാൽ ചെർണൊബിയയിലെ അന്തരീക്ഷത്തിലെ റേഡിയേഷന്റെ തോത് 49 മുതൽ 58.3 യൂണിറ്റാണ്.

റഷ്യ പോലെയുള്ള വികസിതരാജ്യങ്ങളുടെ നൂതന സാങ്കേതികവിദ്യകൾ തേടിയുള്ള ചവിട്ടുപടികളിൽ ഞെരിഞ്ഞമർന്നത് വികസ്വരരാജ്യങ്ങളുടെ സ്വപ്നങ്ങൾ കൂടിയാണ്. അത്തരത്തിലൊന്നാണ് ചെർന്നോബിലിന്റെ തകർച്ച. ഇനി ഒരിക്കലും ചെർന്നോബിലിനേയും അവിടുത്തെ നിഷ്കളങ്കമായ മനുഷ്യജീവിതത്തേയും തിരികെ കൊണ്ടുവരാൻ ശാസ്ത്രലോകത്തിന് സാധിക്കില്ല. നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ സാധിക്കാത്ത ആണവവികിരണങ്ങളുടെ രൗദ്രഭാവങ്ങൾ അതീവരൗദ്രതയോടെ കാട്ടിത്തരുന്നതാണ് ചെർന്നോബിലിലെ ആണവസ്ഫോടനം.



**Aswany Dev**
3rd B.A Political Science

# എന്റെ ക്യാമ്പസ്

ക്യാമ്പസ് എന്നാൽ കുറച്ച് കെട്ടിടങ്ങളും. വിദ്യാർഥികളും മാത്രം ചേരുന്നതല്ല. അവിടെ സൗഹൃദങ്ങളുണ്ട്, പ്രണയങ്ങളുണ്ട് ബന്ധങ്ങളുണ്ട്, സംഘടനകളുണ്ട്. ക്യാമ്പസിന്റെ ഒരു പ്രധാന ഘടകമാണ് സംഘടനയെന്നത്. സംഘടനാസ്വാതന്ത്ര്യം നിരോധിച്ചുകൊണ്ടുള്ള കോടതി ഉത്തരവ് വളരെ ഞെട്ടലോടെ മാത്രമാണ് നാം നോക്കിക്കണ്ടത്.

എന്തിനാണ് ക്യാമ്പസിൽ സംഘടനകൾ എന്ന് ഒരുവട്ടമെങ്കിലും നാം ആലോചിച്ചേക്കാം. ക്യാമ്പസുകളിലെ സംഘടനകൾ എന്നത് രാഷ്ട്രീയസംഘടനകളുടെ ക്യാമ്പസുകളിലേക്കുള്ള കടന്നുകയറ്റമായി തെറ്റിദ്ധരിക്കപ്പെടാറുണ്ട്. എന്നാൽ യാഥാർത്ഥ്യം മറ്റൊന്നാണ്, ക്യാമ്പസ് രാഷ്ട്രീയത്തിന്റെ ലക്ഷ്യമെന്നത് വിദ്യാർത്ഥികളുടെ വളർച്ചയാണ്. തെറ്റുചൂണ്ടിക്കാണിക്കുന്ന, അനീതിക്കെതിരെ പോരാടുന്ന പ്രതികരണശേഷിയുള്ള തലമുറയെ വളർത്തിയെടുക്കുക എന്നതാണ് യഥാർത്ഥ ക്യാമ്പസ് രാഷ്ട്രീയത്തിന്റെ പരമോന്നത ലക്ഷ്യം.

ക്യാമ്പസുകളിൽ സംഘടനാ സ്വാതന്ത്ര്യം അനുവദിച്ചില്ലെങ്കിൽ എന്താണ് സംഭവിക്കുക എന്നറിയുവാൻ പ്രബുദ്ധർ മാത്രം ജീവിക്കുന്ന കേരളത്തിൽ നടന്ന ചില സംഭവങ്ങൾ പരിശോധിക്കാം. ദുരൂഹ സാഹചര്യത്തിൽ കൊല്ലപ്പെട്ട പാലക്കാട് നെഹ്റു കോളേജിലെ വിദ്യാർത്ഥി ജിഷ്ണു പ്രണോയ്, ക്യാമ്പസിനുള്ളിലെ ഇടിമുറികളിൽ ശാരീരികമായും പീഡിപ്പിക്കപ്പെട്ടിരുന്നു. കോഴിക്കോട് കെ.എം..സി.ടി. മെഡിക്കൽകോളേജിലെ ഊഷ്മൾ ഉല്ലാസ് എന്ന എം.ബി.ബി.എസ് വിദ്യാർത്ഥിനി കോളേജ് കെട്ടിടത്തിൽ നിന്ന് ചാടി ആത്മഹത്യ ചെയ്ത സംഭവം, പാലക്കാട് എസ്. എൻ.ജി. കോളേജിലെ അശ്വതി എന്ന രസതന്ത്ര വിദ്യാർത്ഥിയുടെ ആത്മഹത്യ അങ്ങനെ നീളുന്നു ക്യാമ്പസിലെ മരണങ്ങൾ.

ഏറ്റവും ഒടുവിലായി കലാലയങ്ങളെ ഭീതിയിൽ ആഴ്ത്തിയ ഒരു സംഭവമായിരുന്നു എറണാകുളം മഹാരാജാസ് കോളേജിലെ വിദ്യാർഥി നേതാവായിരുന്ന അഭിമന്യുവിന്റെ കൊലപാതകം. നാടിനെ നടുക്കിയ അഭിമന്യുവിന്റെ ഈ വേർപാടിനെ മറ്റൊരുതലത്തിൽ വളച്ചൊടിക്കുവാനാണ് വിഘടനവാദികൾ ലക്ഷ്യമിട്ടത്. ഒരു സംഘടനയിൽ പ്രവർത്തിച്ചതുകൊണ്ടാണ് അവൻ കൊല്ലപ്പെട്ടതെന്ന് ഒരുപക്ഷെ അവർ വാദിച്ചേക്കാം. എന്നാൽ അത് ഒരിക്കലും രണ്ട് സംഘടനകൾ തമ്മിലുണ്ടായ പോരാട്ടത്തിന്റെ ഫലമായി ഉണ്ടായതായിരുന്നില്ല. മറിച്ച് കലാപം സൃഷ്ടിക്കുക എന്ന ദുഷ്ചിന്ത മാത്രമുള്ള ചില വർഗ്ഗീയ സംഘടനകൾ ആസൂത്രിതമായി നടത്തിയതു മാത്രമാണ്

മേൽപ്പറഞ്ഞ ക്യാമ്പസുകളിൽ സംഘടനാ സ്വാതന്ത്ര്യം ഉണ്ടായിരുന്നെങ്കിൽ ഒരുപക്ഷെ ഇത്തരം അനിഷ്ട സംഭവങ്ങൾ ഉണ്ടാകുമായിരുന്നില്ല. ചില അക്രമ വർഗ്ഗീയ തീവ്രവാദ സംഘടനകൾ അവരുടെ വ്യക്തിതാൽപര്യങ്ങൾക്കായി ക്യാമ്പസ് രാഷ്ട്രീയത്തെ മറ്റൊരുതലത്തിലേയ്ക്ക് മാറ്റാറുണ്ട് . തങ്ങളുടെ സംഘടനയുടെ വികാസത്തിനും സ്വന്തം വേരോട്ടം ക്യാമ്പസ്സുകളിൽ ഉറപ്പുവരുത്തുവാനും വേണ്ടി മാത്രം പ്രവർത്തിക്കുന്ന ഇത്തരം സംഘടനകളാണ് ക്യാമ്പസ് രാഷ്ട്രീയത്തിന്റെ യഥാർത്ഥ ശത്രു. ഈ സംഘടനകൾ മറ്റു സംഘടനകളെ തകർക്കുവാനായി അവരെ അപകീർത്തിപെടുത്തുന്ന പ്രവർത്തനങ്ങളിൽ മാത്രം കേന്ദ്രീകരിച്ചിരിക്കുന്നു. തങ്ങളുടെ വളർച്ചക്കായി ഏതു നീചപ്രവർത്തിയും ചെയ്യുവാൻ അവർ തത്പരരായിരിക്കും. ക്യാമ്പസ് രാഷ്ട്രീയത്തിന്റെ യഥാർത്ഥ ലക്ഷ്യം എന്തെന്ന് മനസ്സിലാക്കി തീവ്രവാദസംഘടനകളെ നിരോധിക്കുകയും സംഘടനാസ്വാതന്ത്രം അനുവദിക്കുകയും ചെയ്യുകയാണെങ്കിൽ പ്രതികരണശേഷിയുള്ള പ്രബുദ്ധ തലമുറയേ വാർത്തെടുക്കുവാനും, നാം ഞെട്ടലോടെ മാത്രം കണ്ട ചില അനിഷ്ട സംഭവങ്ങളുടെ ആവർത്തനം ഒഴിവാക്കുവാനും സാധിക്കും.





**Vishnu Shaji**
2nd BA Economics

# വിപ്ലവം സൃഷ്ടിക്കാൻ ഒരക്ഷരം മതി "ചെ"

1967 ഒക്ടോബർ 9 നായിരുന്നു 'മേജർ ഏണസ്റ്റേ ചെഗുവേര എന്ന ധീരനായ ആ വിപ്ലവകാരി ബൊളീവിയൻ കാടുകളിൽ വച്ച് ലോകത്തെ സ്വന്തം ചോരയാൽ ചുവപ്പിച്ചത്. 1928 ജൂൺ 14ന് അർജന്റീനയിൽ ജനിച്ച് ലാറ്റിനമേരിക്ക മുഴുവൻ ജ്വലിച്ചു നിന്ന വിപ്ലവത്തിന്റെ തീപ്പന്തമായിരുന്നു ചെഗുവേര. വൈദ്യശാസ്ത്രത്തിൽ ബിരുദം നേടിയിട്ടും സമൂഹത്തിനാണ് ചികിത്സവേണ്ടതെന്ന സ്വയം തിരിച്ചറിവാണ് പ്രതിസന്ധികൾ നിറഞ്ഞ പാതയിലൂടെ സഞ്ചരിക്കാനും അപരന്റെ വാക്കുകൾ സംഗീതംപോലെ ആസ്വദിക്കുന്ന ഒരു പുലരിക്കു വേണ്ടി ജീവിതം സമർപ്പിക്കാനും 'ചെ' യെ പ്രേരിപ്പിച്ചത്.

ആ പോരാളിയുടെ നിശ്ചയദാർഢ്യത്തിന് ഒരിക്കലും മങ്ങലേറ്റിരുന്നില്ല. പോർമുഖത്ത് മൂന്നുതവണ വെടിയേറ്റ 'ചെ'യുടെ കരുത്തിന് സമാനതകളില്ല. ഉരുക്കിനേക്കാൾ കരുത്തുള്ള ചെയുടെ മനസ്സിനെ ഉലയ്ക്കാൻ ആർക്കും കഴിഞ്ഞില്ല. "അവിചാരിതമായി മരണം കടന്നു വന്നാൽ അതും സ്വാഗതം ചെയ്യപ്പെടും", എന്നാൽ അതിനു മുമ്പ് ആയുധമെടുക്കാൻ പോരാട്ടത്തിന്റെ ഒരു കരമെങ്കിലും ഉയർന്നാൽ മതി. തുറന്ന കാതുകളിൽ വിമോചന മുദ്രാവാക്യത്തിന്റെ പോർവിളികൾ മുഴങ്ങിയാൽ മതി ചെ പറഞ്ഞു.


## ഉറങ്ങിക്കിടക്കുന്ന തന്റെ മക്കളുടെ കവിളിൽ ഉമ്മവെച്ച് ഇറങ്ങിയ 'ചെ' പൊരുതി മുന്നേറിക്കൊണ്ടേയിരുന്നു. അന്നത്തെ ക്യൂബൻ ഭരണാധികാരി യായിരുന്നു ബാറ്റിസ്റ്റയുടെ കരാളഹസ്തങ്ങളിൽ നിന്നും ജനങ്ങളെ രക്ഷിച്ച് അവർ ക്യൂബയിൽ സ്വാതന്ത്ര്യത്തിന്റെ പതാകയുയർത്തി.

പോരാട്ടങ്ങൾ നിറഞ്ഞ തന്റെ ജീവിതത്തി നിടയിൽ ചെ തന്റെ മക്കൾക്കെഴുതിയ കത്തിൽ ഇങ്ങനെ ചില വാക്കുകളുണ്ട്. പ്രിയമുള്ള ഹിൽഡിന, അലിഡീറ്റ, ക്യാമിലോ, സിലിയ, ഏർണസ്റ്റോ എന്നെങ്കിലും നിങ്ങളീ കത്ത് വായി ക്കാനിടയായാൽ അതിനർത്ഥം അച്ഛൻ നിങ്ങളെ വിട്ട് പിരിഞ്ഞെന്നാണ്. നിങ്ങൾക്കാർക്കും എന്നെ പറ്റി വലിയ ഓർമ്മയൊന്നും കാണില്ല. ഏറ്റവും താഴെയുള്ള മക്കൾക്ക് എന്നെ ഓർമ്മയെ കാണുക യില്ല. ശരിയെന്ന് തോന്നുന്നത് ചെയ്യുകയും സ്വന്തം തത്വചിന്തയിൽ നിന്ന് കടുകിട വ്യതിചലിക്കാതെ ജീവിക്കുകയും ചെയ്ത ഒരാളായിരുന്നു നിങ്ങളുടെ അച്ഛൻ. നിങ്ങൾ നല്ല വിപ്ലവകാരികളായി വളരണ മെന്നാണ് അച്ഛന്റെ ആഗ്രഹം.

മനസ്സിരുത്തി പഠിക്കുകയും പ്രകൃതിയെ നമ്മുടെ ചൊൽപ്പടിക്ക് നിർത്താൻ സഹായിക്കുന്ന സാങ്കേതിക വിദ്യയിൽ വൈദഗ്ദ്ധ്യം നേടുകയും ചെയ്യണം. സർവ്വപ്രധാനമായിട്ടുള്ളത് വിപ്ലവമാ ണെന്നും ഒറ്റക്കെടുത്താൽ നമുക്കാർക്കും യാതൊരു പ്രാധാന്യവുമില്ലെന്നും ഓർത്തിരി ക്കണം. അതിലും പ്രധാനമായിട്ടുള്ളത് അനീതി എവിടെ കണ്ടാലും അതിനെ എതിർക്കാനുള്ള കഴി വാണ്. ഒരു വിപ്ലവകാരിയുടെ അഭിനന്ദനാർഹമായ ഗുണം അതാണ്. "കുഞ്ഞുങ്ങളെ ഈ അച്ഛനെ പോകാൻ അനുവദിക്കുക. എന്നെങ്കിലും നമ്മുക്ക് കാണാൻ കഴിയുമെന്നാശിക്കാം. അച്ഛന്റെ പൊന്നു മ്മയും ആലിംഗനവും ഇതോടൊപ്പം അയയ്ക്കു ന്നു."

മെക്സിക്കോയിൽ വെച്ചാണ്. 'ചെ' ഫിദൽ കാസ്ട്രോയെ കണ്ടുമുട്ടുന്നത്. ആ ധീര വിപ്ലവകാ രികളുടെ കണ്ടുമുട്ടൽ ലോകത്തിൽ പല മാറ്റങ്ങളും ഉണ്ടാകാനിടയാക്കി. ആ കണ്ടുമുട്ടലാണ് സാമ്രാ ജ്യത്വത്തിനെതിരായ പടപ്പുറപ്പാടിനായി 'ചെ' യെ ക്യൂബയിലെത്തിച്ചത്. 82 ഓളം ഒളിപ്പോരാളികളു മായി 1956 നവംബർ 25 ന് ഗ്രാൻമ എന്ന കപ്പലിൽ 'ചെ' യും കൂട്ടുകാരും ക്യൂബയിലെത്തി. ഉറങ്ങിക്കി ടക്കുന്ന തന്റെ മക്കളുടെ കവിളിൽ ഉമ്മവെച്ച് ഇറ ങ്ങിയ 'ചെ' പൊരുതി മുന്നേറിക്കൊണ്ടേയിരുന്നു. അന്നത്തെ ക്യൂബൻ ഭരണാധികാരിയായിരുന്ന ബാറ്റിസ്റ്റയുടെ കരാളഹസ്തങ്ങളിൽ നിന്നും ജന ങ്ങളെ രക്ഷിച്ച് അവർ ക്യൂബയിൽ സ്വാതന്ത്ര്യ ത്തിന്റെ പതാകയുയർത്തി.

സ്വതന്ത്ര ക്യൂബയുടെ തലവനായി ഫിദൽ കാസ്ട്രോയും വ്യവസായ ധനകാര്യമന്ത്രിയും നാഷണൽ ബാങ്കിന്റെ പ്രസിഡന്റുമായി ചെഗുവേ രയും ചുമതലയേറ്റു. അധികാരത്തിൽ ഇരിക്കു മ്പോഴും ലോകം മാറ്റി മറിച്ച വിപ്ലവ ഇതിഹാസ ത്തിന്റെ മനസ്സിൽ പോരാട്ടത്തിന്റെയും വിപ്ലവത്തി ന്റെയും അഗ്നി അണഞ്ഞിരുന്നില്ല. മറിച്ച് ആളിക്ക ത്തിക്കൊണ്ടിരിക്കുക തന്നെയായിരുന്നു. പോർമു ഖങ്ങളിലേക്ക് ആ മനസ്സ് കുതിച്ചുകൊണ്ടിരിക്കുക തന്നെയായിരിന്നു. ഒരു വിപ്ലവകാരിക്കും അധി കാരം അഭയസ്ഥാനമല്ലെന്ന് അദ്ദേഹം തെളിയിച്ചു. മന്ത്രിയുടെ ക്യാബിനിൽ ഇരിക്കുമ്പോഴും തോളിൽ തിര നിറച്ച ഒരു തോക്ക് തൂങ്ങിക്കിടക്കുമായിരുന്നു. സാമ്രാജ്യത്വത്തിനും അടിമത്തവ്യവസ്ഥയ്ക്കും മുതലാളിത്തത്തിനും എതിരെ നിറയെഴിക്കാനുള്ള ആയുധമായിരുന്നു അത്. 1965 -ൽ ഗവൺമെന്റ് ആസ്ഥാനത്തുനിന്നും 'ചെ' അപ്രത്യക്ഷനായി. ബൊളീവിയൻ കാടുകളിൽ വിപ്ലവത്തിന്റെ തീപ്പന്ത വുമായി നടന്ന് സാമ്രാജ്യത്വത്തിനെതിരെ പടന യിച്ച് ബൊളീവിയയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി പടപൊരുതുകയായിരുന്നു. പിന്നീട് ആ വിപ്ലവ കാരി എന്നാൽ കൊലവാളുകളും തീയുണ്ടകളു മൊരുക്കി വർഷങ്ങളായി 'ചെ' യുടെ ജീവനു വേണ്ടി അവർ കാത്തിരിക്കുകയായികുന്നു. പട്ടാളം ചെഗുവേരയെ വളഞ്ഞു പിടിച്ച് കൈകൾ രണ്ടും വെട്ടിയെടുത്തു. മരണത്തോടു മല്ലിട്ടുകൊണ്ട് നിലത്തു വീണു പിടഞ്ഞുകൊണ്ടിരിക്കുന്ന 'ചെ'യോട് പട്ടാളത്തലവൻ ചോദിച്ചു. ഇപ്പോൾ എന്തു തോന്നുവെന്ന്. "വിപ്ലവത്തിന്റെ അനശ്വരതെ യെക്കുറിച്ച്" എന്നായിരുന്നു. ആ കണ്ഠത്തിൽ നിന്നു ഉയർന്ന മറുപടി. 1967 ഒക്ടോബർ 9. CIA യുടെയും അമേരിക്കൻ ചോറ്റുപട്ടാളത്തിന്റെയും വെടിയേറ്റ് 'ചെ' പിടഞ്ഞുവീണു. 39 വയസ് അപ്പോഴും തികഞ്ഞിരുന്നില്ല."ഒന്നുകിൽ നാം വിജയം നേടും അല്ലെങ്കിൽ മരണത്തിനപ്പുറത്തേ ക്ക് നാം നിറയൊഴുക്കും". ആ ധമനികളിൽ തുടിച്ച വിപ്ലത്തിന്റെ വീര്യം പിൻതലമുറ ഏറ്റുവാങ്ങി.



നിലയ്ക്കാത്ത ആവേശത്തോടു കൂടിയാണ് 'ചെ'യുടെ തുടിക്കുന്ന സ്മരണകൾ ലോകം ഏറ്റുവാങ്ങുന്നത്. ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ചരിത്രം വീണ്ടും ഇതിഹാസം രചിക്കുകയാണ്. 'ചെഗുവേര'യുടെ ചോര യാൽ ചുവന്ന ബൊളീവിയൻ മണ്ണിൽ "സോഷ്യലിസ്റ്റ്" ആശയങ്ങളോട് ആഭിമുഖ്യം പുലർത്തുന്ന "ഈവാ മൊറൈൽസാ"ണ് ഭരിക്കുന്നത്. ചെഗുവേരയേയും, ഫിദൽ കാസ്ട്രോയേയും ആദരവോടെ കാണുന്ന "ഈവാ മൊറൈൽസ്" ബൊളീവിയൻ സ്വപ്നത്തിനരികിലെത്തിയിരിക്കുന്നു. ഐക്യരാഷ്ട്രസഭയുടെ ആസ്ഥാനത്തു നിന്നുകൊണ്ട് അമേരിക്കയുടെ മുൻപ്രസിഡന്റ് 'ബുഷ്'പിശാചാണെന്ന് പരസ്യമായി പ്രസം ഗിച്ച് "ഹ്യൂഗോഷാവേസ്"ഭരിച്ച നാടാണ് അയൽരാജ്യമായ വെനസ്വേല. നിക്കാരഗ്വയിൽ 'ഒർട്ടേഗ' പ്രസി ഡന്റാണ് ഇക്വഡോറിൽ ഇടതുപക്ഷക്കാരൻ 'റാഫേൽ ക്വാറി'വമ്പിച്ച ജനപിൻതുണയോടെ അധികാരത്തി ലേറി. ഉറുഗ്വേയിലും ഇടതുപക്ഷം അധികാരത്തിലാണ്. ലാറ്റിനമേരിക്കൻ രാഷ്ട്രങ്ങളെ സംഘടിപ്പിച്ച് കൂട്ടാ യ്മയുണ്ടാക്കി അമേരിക്കയുടെ സാമ്രാജ്യത്വനയങ്ങൾക്കും മുതലാളിത്ത വ്യവസ്ഥിതികൾക്കും സ്വേച്ഛാധിപ ത്യത്തിനും മുന്നിൽ മുട്ടുകുത്താൻ മനസ്സിലെന്ന് പ്രഖ്യാപിച്ച് ലാറ്റിനമേരിക്ക മുന്നേറിക്കൊണ്ടിരിക്കുന്നു.

'ചെ'യുടെ സ്മരണകൾ സാമ്രാജ്യത്വ അധിനിവേശത്തിനെതിരായ സമരത്തെ കരളുറപ്പോടെ മുന്നോട്ടുകൊണ്ടുപോകാനാണ് നമ്മെ പ്രചോദിപ്പിക്കുന്നത്. അത്യന്തം അപകടകരമാണ് ഇന്ത്യ- അമേരിക്ക ആണവകരാറെന്ന് ശാസ്ത്രജ്ഞരിൽ പലരും ഓർമ്മപ്പെടുത്തിയതാണ്. എന്നാൽ അത് യാഥാർത്ഥ്യമായി ത്തീർന്നിരിക്കുന്നു.

"ഒരു ആണവായുധാക്രമണത്തിൽ നിങ്ങളിന്ന് കാണുന്ന ക്യൂബ ഭൂമുഖത്തു നിന്ന് തുടച്ച് നീക്കപ്പെട്ടേക്കാം. അത്തരമൊരു സന്ദർഭത്തിൽ ആദ്യത്തെ ഇര ഞങ്ങളായിരിക്കും". 'ചെ'യുടെ വാക്കുകൾ ഇന്നും പ്രകമ്പനം കൊള്ളുന്നു. ഒരർത്ഥത്തിൽ പറഞ്ഞാൽ ഈ വാക്കുകളുടെ പ്രസക്തി ഏറ്റവുമധികം ആർജ്ജിക്കേണ്ട കാല ഘട്ടമാണിത്. ഇവിടെയാണ് "സോഷ്യലിസം അല്ലെങ്കിൽ മരണം" എന്ന ക്യൂബൻ ജനതയുടെ മുദ്രാവാക്യം ഉയിർകൊള്ളുന്നത്.

---

# ആത്മം



**ഇരുൾ നിറഞ്ഞ പൊത്തിൽ നിന്നും**
**പുറത്തേക്കൊരു നോട്ടം പാളിയെത്തുന്നു...**
**വെളിച്ചം പുറത്ത് തീവ്രമെന്നൊരു ദർദ്ദുര ഗദ്ഗദം...**
**എന്നാൽ അകത്തോ? ചത്ത ഇരുട്ട്, മലീമസഗന്ധം നിറഞ്ഞത്...**
**ചതിക്കുണ്ടുകൾ ചവിട്ടി നികന്നത്...**
**(എങ്കിലും അതിലൊരു ജീവനസാദ്ധ്യത!)**
**ഇരുട്ട് പകലും രാത്രിയുമാണ് പൊത്തിൽ...**
**മനം മടുത്ത ഉറക്കങ്ങളിലാണ് പുറം ലോകമെന്ന സ്വപ്നവിസ്മയം.**
**എന്നാൽ തീക്ഷ്ണ വെളിച്ചം, പുറത്തെ ഭീതിദമായ ദർശനവ്യക്തത...**
**അത് അസഹ്യം...**
**ഉറക്കം മുറിഞ്ഞെത്തുന്ന വിയർപ്പ്...**
**പൊത്തിന്റെയുള്ളറിയാതെ ബാഹ്യം ശീതളം, സ്വച്ഛം...**
**വെറും നുണ! പെരും നുണ! വെളിച്ചത്തിന് ചൂടുണ്ട്...**
**മെഴുക് തിരിപോൽ...നെരിപ്പോടകത്തെ കനലു പോൽ....**
**നിലാവിനും ചൂടുണ്ട്....**

ബിബു നാരായണൻ





ഡിപിൻ ഡി.പി
2 nd M.Com

# ഖഷോഗിയുടെ വധം ഉയർത്തുന്ന ചോദ്യങ്ങൾ

തുർക്കിയിലെ സൗദി നയതന്ത്രകാര്യാലയത്തിൽ വച്ച് ചോദ്യം ചെയ്യലിനിടെ സൗദി പൗരനും വാഷിങ്ങ്ടൺ പോസ്റ്റ് ദിനപത്രത്തിലെ കോളമിസ്റ്റുമായ ജമാൽ അഹമ്മദ് ഖഷോഗി മരണപ്പെട്ടു എന്നു സൗദി അറേബ്യ ഔദ്യോഗികമായി സമ്മതിച്ചിരിക്കുന്നു.2018 ഒക്ടോബർ രണ്ടാം തീയതി തന്റെ പുനർവിവാഹത്തിനാവശ്യമായ രേഖകൾ ശരിയാക്കുന്നതിനായി നയതന്ത്രകാര്യാലയത്തിൽ എത്തിയ ഖഷോഗിയെക്കുറിച്ച് പിന്നീട് ഒരുവിവരവും ലഭിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഭൗതികശരീരം കണ്ടെടുക്കാനുമായിട്ടില്ല.

സൗദി നയതന്ത്ര ഉദ്യോഗസ്ഥന്റെ വീട്ടുപരിസരത്തുനിന്ന് ഇദ്ദേഹത്തിന്റേത് എന്ന് കരുതുന്ന ശരീരാവശിഷ്ടങ്ങൾ കണ്ടെത്തിയെന്ന് സ്ഥിരീകരിക്കാത്ത വാർത്തയുണ്ട്

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെയും സൗദികിരീടാവകാശി മുഹമ്മദ് ബിൻസൽമാന്റെയും കടുത്ത വിമർശകനായ ഖഷോഗിയുടെ കൊലപാതകത്തിന്റെ മാനം വളരെ വലുതാണ്. ഇത് തുർക്കിയും സൗദി അറേബ്യയും തമ്മിലുള്ള നയതന്ത്രപ്രശ്നം മാത്രമല്ല. ഇത് ആഗോളരാഷ്ട്രീയ ബന്ധങ്ങളിൽ ചെലുത്തുന്ന സ്വാധീനം ചെറുതല്ല. എതിർ ശബ്ദങ്ങളെ കായികമായി ഇല്ലായ്മ ചെയ്യാൻ ശ്രമിക്കുന്നു ഭരണകൂടങ്ങളുടെ ചരിത്രത്തിലെ പുതിയ അധ്യായം മാത്രമാണ് ഖഷോഗിയുടെ തിരോധാനവും അനുബന്ധനാടകങ്ങളും, ഗൗരീലങ്കേഷിനും, ഗോപി എം.എം കൽബുർക്കിക്കും നരേന്ദ്രബോൽക്കർക്കും ഒരുപിൻഗാമി ഇവരെല്ലാം ചെയ്തത് ഒരേതെറ്റുതന്നെയാണ്. ഭരണകൂടങ്ങളുടെ തെറ്റായ നയങ്ങളേയും ഫാസിസ്റ്റ് രീതികളെയും തങ്ങളുടെ തൂലികയാൽ തുറന്നുകാട്ടി എന്ന തെറ്റ്.

തൂലിക പടവാളിനേക്കാൾ ശക്തമാണെന്ന് ഒരിക്കൽകൂടി തെളിയിക്കപ്പെട്ടിരിക്കുന്നു.

പത്രപ്രവർത്തക സംരക്ഷണസമിതിയുടെ (കമ്മറ്റി ടുറപ്രാടെക്റ്റ് ജേർണലിസ്റ്റ്) കണക്കുപ്രകാരം 2018– ൽ മാത്രം ലോകമെമ്പാടുമായി 44 മാധ്യമപ്രവർത്തകർ കൊലചെയ്യപ്പെട്ടിട്ടുണ്ട്. ജമാൽ ഖഷോഗി എങ്ങനെ ഇല്ലാതെയായി എന്നു ഉറപ്പുവരുത്തുവാനുള്ള ഏകമാർഗ്ഗം ഐക്യരാഷ്ട്ര സഭയുടെ മേൽനോട്ടത്തിൽ വേണ്ട സ്വതന്ത്രവും സുതാര്യവും, അന്തർദേശീയവുമായ ഒരു അന്വേഷണമാണ് എന്ന് ഇവർ ആവശ്യപ്പെടുന്നു.

2018 ഓഗസ്റ്റ് 28–ാം തീയതി വാഷിങ്ങ്ടൺ പോസ്റ്റിലെ തന്റെ പംക്തിയിൽ അദ്ദേഹം എഴുതിയ ലേഖനം അമേരിക്കയുടെ മുസ്ലിം ബ്രദർഹുഡിനോടുള്ള സമീപനത്തെക്കുറിച്ചുമായിരുന്നു ആ സമീപനം മൂലം അറബ്ലോകത്തെ ജനാധിപത്യവൽക്കരിക്കുന്നതിനുണ്ടായിരുന്ന തടസ്സത്തെക്കുറിച്ച് അദ്ദേഹം എഴുതി. പതിറ്റാണ്ടുകളായി നിലനിൽക്കുന്ന അസമാധാനത്തെ സമാധാനമാക്കി മാറ്റാനുള്ള സുവർണ്ണാവസരവും നഷ്ടപ്പെടുത്തിയ അമേരിക്കൻ വിഡ്ഢിത്തത്തേയും അദ്ദേഹം തുറന്നുകാട്ടി. മുസ്ലീം ബ്രദർഹുഡിനോടുള്ള അദ്ദേഹത്തിന്റെ താൽപര്യം പരസ്യമായ ഒന്നായിരുന്നു. ഇസ്ലാം മതരാഷ്ട്രീയം അംഗീകരിക്കുക വഴിമാത്രമേ പശ്ചിമേഷ്യയിൽ ജനാധിപത്യവും സമാധാനവും പുലരൂ എന്ന് അദ്ദേഹം വിശ്വസിച്ചു. മുസ്ലിം മതാധിഷ്ഠിത ഭരണം എന്നത് അദ്ദേഹത്തെ സംബന്ധിച്ചിടത്തോളം അത്യന്തിക സ്വാതന്ത്യം എന്ന ആശയം ആയിരുന്നു.

അറബ് രാഷ്ട്രങ്ങൾ ഒരിക്കലും സ്വാതന്ത്രത്തെയും ജനാധിപത്യത്തെയും പൂർണ്ണമായി പിന്തുണച്ചിരുന്നില്ല.

അദ്ദേഹത്തിന്റെ ഇത്തരം നിലപാടുകളും അദ്ദേഹത്തിന്റെ വിധിയെ നിർണ്ണയിച്ചിരിക്കാം.

ജമാൽ ഖഷോഗിയുടെ തിരോധാനം ഇന്നും ലോകത്തിനുമുന്നിൽ ഇത്തരമില്ലാത്ത ഒരു ചോദ്യചിഹ്നമായി നിൽക്കുന്നു.



Aswathy TK
1st Year M Com

# കാളിന്ദി

ഓളങ്ങൾ വീണ്ടും പാദങ്ങളെ നനച്ചുകൊണ്ട്
പിൻ വലിയുന്നു.
”കാളിയ മർദ്ധനത്തെ പറ്റി നീ കേട്ടിട്ടുണ്ടോ?
സർപ്പ കേസരി കാളിയൻ തൻ
നെറുകിലുറഞ്ഞാടിയ വികൃതി
പയ്യനെ അറിയുമോ?”
ലോകമറിയാത്തൊരു കഥയും കൂടി..
കാളിയൻ തൻ അഹങ്കാരം ശമിപ്പിച്ച്
യാദവബാലൻ പോയ ശേഷം മറ്റൊരുവൻ
യാദവ വേഷത്തിൽ കാളിന്ദിയിൽ...
സ്വന്തമാക്കിയവനാ സർപ്പരാജൻ
തൻ സൗഭാഗ്യം..
‘നാഗമാണിക്യം’
നഷ്ടമായത് നിത്യ  യൗവ്വനം...!
ലഭ്യമായത് അമരത്വം...!
യാദവബാലൻ തന്ന വരം..!
ജനനമരണങ്ങൾക്കിപ്പുറം നാം വീണ്ടും...
ഞാൻ യാദവബാലൻ...
ഓളങ്ങളിൽ തല പൊക്കിയൊരു രാജനാഗം...
തിളക്കമുള്ളതെന്തോ
മറയ്ക്കാൻ ശ്രമിക്കുന്ന നിൻ കൈയ്യുകൾ...

ആര്യ. പി.ഷാജി
1st BA Politics

# ബാല്യകാലം

മാമ്പഴച്ചാറിന്റെ മധുരമീ ഓർമ്മകൾ
നൽകീ മറഞ്ഞൊരാ മധുരകാലം
ഓർക്കുന്നു ഞാൻ ഇന്നും നനവൂറും
ഓർമ്മകൾ നൽകീ അണഞ്ഞൊരാ ബാല്യകാ
ലം.
കളിചിരികളാൽ എന്റെ മനസ്സിലെ
നോവുകൾ മറച്ചൊരാ ബാല്യകാലം
നെഞ്ചോട് ചേർക്കുവാൻ ഓർമ്മകൾ
മാത്രമായ് ദൂരെ മറഞ്ഞൊരാ സ്നേഹകാലം.
തേടുന്നു ഞാൻ ഇന്നും ആ വഴിത്താരയിൽ
കളഞ്ഞു പോയോരു ഇഷ്ടകാലം
ദു:ഖങ്ങൾ എന്നിൽ അണയുന്ന
നേരവും ആശ്വാസമേകുമീ ബാല്യകാലം.
കാറ്റിന്റെ താളത്തിൽ ഒഴുകുന്ന
പുഴയെ നീ ഓർക്കുന്നുവോ എന്റെ വർണ്ണകാലം
ഒത്തിരി സ്വപ്നങ്ങൾകൊണ്ട് നിറച്ചൊരാ
വർണ്ണങ്ങൾ ആണെന്റെ ബാല്യകാലം



# ഐക്യകേരളം

ആൽവിൻ
3rd B.A.Politics


മലയാളം സംസാരിക്കുന്നവരുടേതായ ഒരു സംസ്ഥാനം രൂപീകരിച്ചുകിട്ടണം എന്ന പൊതുജനാഭിപ്രായം ഈ നൂറ്റാണ്ടിന്റെ ആദ്യ ദശകങ്ങളിൽ തന്നെ ഉയർന്നു വന്നു. ഐക്യകേരള പ്രസ്ഥാനം എന്നതായിരുന്നു അതിനുപേര്. കേരളത്തിന്റെ നാനാഭാഗത്തുനിന്നും വന്നവർ പങ്കെടുത്ത ഒരു യോഗം ഐക്യകേരളത്തിന്റെ രൂപീകരണം ആവശ്യപ്പെടുകൊണ്ട് ഒരു പ്രമേയം പാസ്സാക്കുകയുണ്ടായി.1928 മെയിൽ പയ്യന്നൂരിൽ കൂടിയ രാഷ്ട്രീയസമ്മേളനം ഐക്യകേരളരൂപീകരണം സാധിച്ചുകിട്ടാൻ വേണ്ടതായ നടപടികൾ സ്വീകരിക്കാൻ കോൺഗ്രസ് നേതൃത്വത്തോട് അപേക്ഷിച്ചു. കേളപ്പന്റെ നേതൃത്വത്തിൽ തൃശ്ശൂരിൽ കൂടിയ ഐക്യകേരള സമ്മേളനത്തിൽ തിരുവിതാംകൂർ, കൊച്ചി, മലബാർ പ്രദേശങ്ങളിലെ പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി

ഇന്ത്യൻ നാട്ടുരാജ്യങ്ങളുടെ സംയോജനം എന്ന നയം പ്രാവർത്തികമായപ്പോൾ കൊച്ചി രാജ്യം തിരുവിതാംകൂറിനോട് ചേർന്നു.1949 ജൂലൈ 1 ന് തിരുകൊച്ചി സംസ്ഥാനം നിലവിൽ വന്നു. ഭാഷാടിസ്ഥാനത്തിൽ രാജ്യത്തെ പുന:സംഘടിപ്പിക്കാൻ സമ്മർദമുണ്ടായി. ഇതിനുവേണ്ടി രൂപീകരിക്കപ്പെട്ട കമ്മീഷൻ ഭാഷാസംസ്ഥാന രൂപീകരണത്തിനുവേണ്ടി ശുപാർശ ചെയ്തു.1956 ലെ സംസ്ഥാന പുനസംഘടന നിയമമനുസരിച്ച് തോവാള, അഗസ്തീശ്വരം, കൽകുളം, വിളവൻകോട് എന്നീ തെക്കൻ താലൂക്കുകൾ മദിരാശി സംസ്ഥാനവുമായി കൂടിച്ചേർത്തു. മലബാർ ജില്ലയും കാനറ ജില്ലയിലെ കാസർഗോഡ് താലൂക്കും തിരുകൊച്ചി സംസ്ഥാനവുമായി യോജിപ്പിച്ചു. അങ്ങനെ കേരള സംസ്ഥാനം 1956 നവംബർ 1 ന് നിലവിൽ വന്നു.

സാമൂഹ്യനവോത്ഥാനപ്രസ്ഥാനവും തൊഴിലാളി കർഷക പ്രസ്ഥാനവും ദേശീയപ്രസ്ഥാനവും ഒരുക്കിയ വളക്കൂറുള്ള മണ്ണിലാണ് കേരളസംസ്ഥാനം നാമ്പെടുത്തത്. ഭൂപരിഷ്കരണം കേരളത്തിന്റെ സാമൂഹ്യസാമ്പത്തിക മണ്ഡലങ്ങളിൽ അടിസ്ഥാനപരമായ മാറ്റങ്ങൾ ഉണ്ടാക്കാൻ സഹായിച്ചു. ജന്മിസമ്പ്രദായം അവസാനിപ്പിക്കാൻ കഴിഞ്ഞ ആദ്യത്തെ ഇന്ത്യൻ സംസ്ഥാനം കേരളമാണ്.

1969-ൽ പാസ്സാക്കിയ ഭൂപരിഷ്കരണ നിയമത്തോടെ കേരളത്തിൽ ജന്മിസമ്പ്രദായം അവസാനിച്ചു. കൈവശഭൂമിക്ക് പരിധി ഏർപ്പെടുത്തിയതും കുടികിടപ്പുകാർക്ക് ഭൂമി നൽകിയതും ഈ നിയമത്തിന്റെ സവിശേഷതകളാണ്. കൃഷിഭൂമി കർഷകന് എന്ന കർഷകരുടെ ആവശ്യം നേടിയെടുക്കാൻ ഈ നിയമത്തിനു കഴിഞ്ഞു. എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസത്തിന് അവസരമുണ്ടായി. സ്കൂൾ വിദ്യാഭ്യാസം സൗജ്യമാക്കി. അർഹതയുള്ളവർക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തി. പകർച്ചവ്യാധികൾ നിർമാർജനം ചെയ്യപ്പെട്ടു. ശിശുമരണനിരക്ക് കുറഞ്ഞു. ശരാശരി ആയുർദൈർഘ്യം വർധിച്ചു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയായി കേരളം സമ്പൂർണ സാക്ഷരത നേടി. ഭരണഘടനഭേദഗതിയുടെ ഭാഗമായി 1995- ൽ ത്രിതല പഞ്ചായത്ത് സംവിധാനം നിലവിൽ വന്നു. കുറഞ്ഞു ആളോഹരി വരുമാനവും ഉയർന്ന വികസന സൂചികയുമുള്ള കേരള വികസനമാതൃക വിശ്വവിഖ്യാതമാണ്.

# ചിത്രതൂലിക



Sourav





Anish 3rd DC Politics



Anish 3rd DC Politics



Shan 3rd DC Zoology



**Keerthi Sivadas 3rd Bsc Chemistry**



Shan 3rd DC Zoology

## മഴ മേഘമേ വിശ്രമിച്ചാലും...



Sijo Mathew
Asst. Professor
Dept. of Botany

മഴമേഘമേ
മണ്ണിന്റെ പുണ്യമേ
വിണ്ണിന്റെ സോദരാ
ഒരു നിമിഷമൊന്നു നീ നിന്നീടണെ
ചിറകുകൾ വച്ചു പറന്നീടും നിന്നെ ഞാൻ
ഒരു നോക്ക് കാണുവാൻ നിന്നതല്ലേ
കടലുകൾ താണ്ടി കാതങ്ങൾ താണ്ടി
എൻ ഭൂവിൽ വന്ന പ്രിയ മിത്രമേ
ഒരു നിമിഷമൊന്നു നീ വിശ്രമിച്ചീടണെ
എൻ മണ്ണ് നീയിന്നു കുതിർത്തീടണെ

കണ്ടുവോ നീയെന്റെ നാടിനെ യാത്രയിൽ
ഒരു തുള്ളി വെള്ളം കൊതിക്കും മനസ്സിനെ
പാതയോരത്തിന്ലങ്കാരമായൊരു
പാത്രങ്ങൾ കണ്ടുവോ
പാടങ്ങൾ തോറും കരിഞ്ഞോരു
കതിരുകൾ കണ്ടുവോ
മുണ്ഡിതശിരസ്കരാം കല്പ വൃക്ഷങ്ങളും
പുണ്യം ക്ഷയിച്ചോരു പുഴകളും കണ്ടുവോ
ദൈവം കനിഞ്ഞോരു നാടിന്റെ കോലമിത്
നാളെകളില്ലാതെ നശിപ്പാനൊരുങ്ങുന്നു

താളങ്ങളില്ലിവിടെ
തളിരുകളില്ലിവിടെ
തണലേകുവാനൊരു കുഞ്ഞു
തൈ പോലുമില്ലിവിടെ
മരു ഭൂമിയായിന്നു മാറുന്നിതെൻ മണ്ണ്
മരണത്തിൻ ഹസ്തങ്ങൾ കാണുന്നു ഞാൻ മുന്നിൽ

കാലം മെനഞ്ഞോരു കടലാസു തോണികൾ
നിന്റെ വരവിനായ് കാത്തിരിപ്പൂ
ആൽ മരകൊമ്പിലെ കുഞ്ഞിളം കിളികൾ
നിന്നെക്കണ്ട് മദിച്ചീടുന്നു
നിന്റെ കുളിരേറ്റു വാങ്ങാൻ കൊതിച്ചീടുന്നു
അണ്ണാറക്കണ്ണന്റെ സന്തോഷമോതുവാൻ
ആവുന്നതില്ലെനിക്കിന്നെന്റെ സോദരാ
നൃത്തം തുടങ്ങി മയിലുകൾ താളത്തിൽ
വാക്കുകളില്ലെനിക്കവയെ വർണ്ണിപ്പാൻ

ഊഷരമായൊരീ മണ്ണിൽ നീയിപ്പോൾ
ഊർജ്ജമായ് വന്ന് നിറഞ്ഞീടണെ
കനവുകൾ തളിർക്കാൻ
കരളുകൾ കുളിർക്കാൻ
അമൃതായ് നീയിന്ന് വർഷിക്കണേ.

# അവൾ

Aswathy T K
1st M Com

ആശാശം ഇരുണ്ടു കൂടുകയായിരുന്നു... ആഞ്ഞു വീശിയിരുന്ന കാറ്റിനൊപ്പം തെങ്ങുകളും കൊന്ന മരങ്ങളും ആടിയുലയുന്നു... നിലയ്ക്കാത്ത കാറ്റിനെയും അലയടിക്കുന്ന ഓളങ്ങളെയും മാനിച്ചു സാവധാനമാണ് ബോട്ട് കരയ്ക്ക് അടുപ്പിച്ചത്...
പുറത്തെ മഴയെ കാര്യമാക്കാതെ പുറത്തേയ്ക്കിറങ്ങാനുള്ള തിരക്കിലാണ് എല്ലാവരും... പല പ്രായക്കാർ.. പല ആവശ്യങ്ങൾക്കായി പോയി വന്നവർ... സ്കൂൾ കുട്ടികൾ അങ്ങനെ എല്ലാവരും യാത്രയ്ക്ക് ആശ്രയിക്കുന്നത് ഈ ബോട്ട് സർവീസാണ്.

തിരക്ക് കൂട്ടി ഇറങ്ങാൻ മടിയായതുകൊണ്ട് ഞാൻ പുറകോട്ട് മാറി നിന്നു... പുറത്തു മഴ കനക്കുകയാണ്... ദീർഘനിശ്വാസത്തോടെ ഞാൻ മഴയെ നോക്കി നിന്നു...

ചേച്ചി എന്താ മഴ കണ്ടിട്ടില്ലേ...??
ഒരു ചെറിയ കുട്ടി ആ്... സ്കൂൾ കഴിഞ്ഞുള്ള വരവായിരിക്കും...

ധാരാളം കണ്ടിട്ടുണ്ടല്ലോ.... മോളൂ...
പുഞ്ചിരിയോടെ എന്നെ നോക്കിയ മോളൂന്റെ കവിളിൽ തട്ടികൊണ്ട് ഞാൻ പറഞ്ഞു...
ആരെയോ കണ്ടിട്ടെന്നപോലെ പുറത്തേയ്ക്കിറങ്ങാൻ തുടങ്ങിയപ്പോളാണ് അവളെ കണ്ടത്... എന്റെ പ്രായം തന്നെ കാണും... ഞാൻ മനസ്സിലോർത്തു... കണ്ടു പരിചയം ഇല്ലെങ്കിലും അവൾക്ക് എന്റെ എന്തെങ്കിലും സഹായം വേണ്ടി വരും എന്നു മനസ് പറഞ്ഞു...

എന്താ ഇറങ്ങാതെ ഇരിക്കുന്നെ?? കൈയിൽ കുട ഇല്ലേ??... ഞാൻ ചോദിച്ചു...

ഇല്ല...മറന്നുപോയി ...നിർവ്വികാരതയോടെ അവൾ പറഞ്ഞു...

''എങ്കിൽ എന്റെ കൂടെ വാ... ഇവിടെ ഇരുന്നിട്ട് കാര്യം ഇല്ലല്ലോ...'' ഞാൻ അവളെ ക്ഷണിച്ചു...
കണ്ണൊന്നു തിളങ്ങിയ പോലെ ... അവൾ എന്റെ ക്ഷണം സ്വീകരിച്ചു... രണ്ടുപേരും ഒരു കുടയും ആയത്കൊണ്ട് എന്റെ ബാഗ് ഒരു ചേച്ചിയുടെ കൈയ്യിൽ കൊടുത്തശേഷം ഞാൻ പുറത്തേക്കിറങ്ങി..
അവൾ അവസാനമാണ് ഇറങ്ങിയത്... അവൾ എന്റെ കുടക്കീഴിൽ എത്തിയ ശേഷം മാത്രമാണ്... ഞാൻ എന്റെ ബാഗിന്റെ കാര്യം ഓർത്തത്...ബാഗ് ഏൽപ്പിച്ച ആളെ കാണാനും ഇല്ല..
അറിയാവുന്ന ആളായത് കൊണ്ടും വില പിടിപ്പുള്ള വസ്തുക്കൾ ഒന്നും തന്നെ ബാഗിൽ ഇല്ലായിരുന്നു എന്നതിനാലും അത്രയും ആശ്വാസം...
ഒന്നും തന്നെ സംസാരിക്കാതെ ഞങ്ങൾ നടന്നു... കാറ്റ് കനത്തതിനാലാവണം...അല്പനേരം കടയുടെ വരാന്തയിലേക്ക് കേറി നിൽക്കാം എന്നു അവൾ എന്നോട് ആവശ്യപ്പെട്ടു...

വഴിയിൽ നിന്നും മഴ വെള്ളം നടപാതയിലേക്ക് ഒഴുകുന്നുണ്ടായിരുന്നു... ആ വഴിയുടെ അങ്ങേ അറ്റത്ത് ആരുടേയോ കൈ പിടിച്ച് നടക്കുന്ന മോളുവിനെ അവ്യക്തമായി കാണുന്നുണ്ടായിരുന്നു....
മഴ കുറഞ്ഞതോടെ ഞങ്ങൾ തീരുമാനിച്ചു... സന്ധ്യ കഴിഞ്ഞു ഇരുൾ പടർന്നിരിക്കുന്നു... വഴിവിളക്കുകൾ കണ്ണു തുറന്നതോടെ മുന്നോട്ടുള്ള വഴി കൂടുതൽ വ്യക്തമായി... അൽപസമയം നടന്നതിന് ശേഷം വഴിയരികിലെ ഒറ്റമുറി വീടിനു മുന്നിൽ ഞാൻ നിന്നു...

"ഞാൻ ഇവിടെ വരെ ഉള്ളൂ..."
കൈയ്യിൽ ഇരുന്ന കുട മടക്കുന്നതിനിടയിൽ ഞാൻ പറഞ്ഞു.. നന്ദി സൂചകമായ ഒരു പുഞ്ചിരിയോടെ കുറച്ചു മുൻപിലെ വീട് ചൂണ്ടിക്കാട്ടികൊണ്ട് അവൾ പറഞ്ഞു.... ഞാനും അവിടെ വരെ ഉള്ളൂ...
ചെടികൾകൊണ്ട് മാത്രം വേലി തീർത്ത ആ വഴിയിലൂടെ അവൾ നടന്നു പോകുന്നതും നോക്കി ഞാൻ നിന്നു...
അവൾ സുരക്ഷിതയാണെന്ന് ഉറപ്പുവരുത്തി ഞാൻ എന്റെ വീട്ടിലേക്കു കയറി... പുറത്തെ ലൈറ്റ് ഓഫ് ആയിരുന്നു... വഴിവിളക്കിന്റെ മങ്ങിയ വെളിച്ചത്തിൽ ഞാൻ ജനലിന്റെ അരികിൽ വെച്ചിരുന്ന താക്കോൽ കണ്ടുപിടിച്ചു..അത്താഴം കഴിച്ച ശേഷം വേറൊന്നും ചെയ്യാനില്ലാത്തിനാൽ നേരത്തെ കിടന്നു...ക്ഷീണം കാരണമാവണം പെട്ടെന്ന് ഉറങ്ങി...
പതിവ് ഇല്ലാത്ത ഉന്മേഷത്തോടെയാണ് ഉണർന്നത്...സമയം നോക്കാൻ ആയി ഫോൺ നോക്കിയപ്പോൾ ആണ്...ഫോണും ആ ബാഗിൽ ആയിരുന്നു എന്ന ഓർമ്മ വന്നത്... കസേരയിൽ കിടന്ന ഒരു ഷാളും പുതച്ചു വാതിൽ ചാരി ഞാൻ പുറത്തേക്ക് ഇറങ്ങി...
വെളിച്ചം വീണു തുടങ്ങിയതെ ഉള്ളൂ... ഇന്നലെ കൂടെ ഉണ്ടായിരുന്ന പെൺകുട്ടി കാണിച്ച വീടും കടന്ന് മുന്നോട്ട് പോയി....
“ഒന്നു നിന്നെ..."പുറകിൽ നിന്നും ആരോ വിളിക്കുന്നു...
ആരാണ് വിളിച്ചത് എന്നറിയാനായി തിരിഞ്ഞുനോക്കി.. ഹാ ബാഗ് ഏൽപ്പിച്ച കക്ഷി ആണ്...
“മഴ പെട്ടെന്ന് കൂടിയപ്പോൾ ഞാൻ വീട്ടിലേക്ക് പോന്നതാണ്.... വീട്ടിൽ അമ്മയും മോളും മാത്രം ഉണ്ടായിരുന്നുള്ളൂ ..... അതോണ്ടാ..."അവൾ ഒരു വിധം പറഞ്ഞു.
“അതിനെന്താ സാരമില്ല ചേച്ചീ...ആളെ കാണാഞ്ഞപ്പോ ഞാൻ ഒന്നു പേടിച്ചു... ഇവിടെ അങ്ങനെ ആരേം എനിക്ക് വേണ്ടത്ര അറിയില്ല...ചേച്ചിയെപ്പോലും കണ്ടു പരിചയം ഉണ്ടെന്നല്ലാതെ..."ഞാൻ അവരോട് പറഞ്ഞു.



ആ സ്ത്രീ എന്റെ ബാഗ് എടുക്കാൻ ആയി വീട്ടിലേക്കു നടന്നു... വഴിയിൽ നിന്നും കുറച്ച് പിന്നോട്ടു മാറി ആയിരുന്നു അവരുടെ വീട്...ഞാൻ വഴിയിൽ നിന്നതെയുള്ളൂ.. അവർ കൊണ്ട് തന്ന ബാഗ് വാങ്ങി... പരിശോധിച്ചു ഉറപ്പു വരുത്താൻ നിൽക്കാതെ ഞാൻ ഇറങ്ങി...

7.30 നു ആണ് ഇവിടെ നിന്നും ആദ്യത്തെ ബോട്ട്... അതിനാണെനിക്ക് പോവേണ്ടത്... വാതിൽ അടച്ചു ... പൂട്ടി... താക്കോൽ ജനൽ അരുകിൽ ഒളിപ്പിച്ചു ഞാൻ ഇറങ്ങി... ബോട്ട് അടുപ്പിച്ചിട്ടുണ്ട്...ബോട്ടിലെ ജോലിക്കാർ അടുത്തുള്ള പീടികയിൽ ഇരുക്കുന്നുണ്ട്.. ആരും എത്തിത്തുടങ്ങിക്കാണില്ല... കേറി ഇരുന്നോളാൻ അനുവാദം കിട്ടി... ബോട്ടിന്റെ ഉള്ളിൽ കേറിക്കഴിഞ്ഞാണ് അവളെ കണ്ടത്... ഇന്നലെ എന്റെ കുടയിൽ കേറിയ പെൺകുട്ടി...

"ഹാ... താൻ ഇതിൽ ഉണ്ടായിരുന്നോ... ഞാൻ ഓർത്തു ആരും എത്തിയിട്ടില്ല എന്ന്..."

ചിരിച്ചതല്ലാതെ മറുപടി ഒന്നും ഉണ്ടായില്ല.... അവർ പുറത്തേക്ക് തന്നെ നോക്കിയിരിക്കുകയാണ്... അവളുടെ കണ്ണുകൾ തിളങ്ങുന്നതുപോലെ... മന്ദഹാസത്തോടെ അവൾ പറഞ്ഞു...

"ആ കുട്ടിയാണ് അയാളുടെ സന്തോഷം..."

ആരെ കുറിച്ചാണ് അവൾ ഈ പറയുന്നത് എന്നറിയാൻ ഞാൻ പുറത്തേക്ക് നോക്കി...

മോളു ആ്.. പതിവു പോലെ അച്ഛന്റെ കൈപിടിച്ച് വരികയാണ്... അച്ഛൻ വാങ്ങി കൊടുത്ത എന്തൊക്കെയൊ തിരിച്ചും മറിച്ചും നോക്കികൊണ്ടാണ് വരവ്..

ഞങ്ങളെ കണ്ടതും... അച്ഛന്റെ കൈവിട്ട് മോളൂ... ഓടി വന്നു... ബോട്ടിൽ കയറി...നിറഞ്ഞ ചിരിയോടെ മോളു അവളുടെ അരികിലേയ്ക്ക് നടന്നു വന്നു...മോളുനെ കണ്ടപ്പോ അവളുടെ കണ്ണുകളും പുഞ്ചിരിക്കുന്ന പോലെ എനിക്ക് തോന്നി...

എന്നെ നോക്കി ചിരിച്ചുകൊണ്ട് മോളു അവൾ ഇരുന്ന സീറ്റിൽ ഇരുന്നു...

അവളുടെ മുഖത്ത് കണ്ട ചിരി പാടെ മാഞ്ഞു... കണ്ണുകൾ നിറഞ്ഞു.. വേദന നിറഞ്ഞ ഭാവത്തോടെ അവൾ എന്നെ നോക്കി... നിറഞ്ഞൊഴുകുന്ന ആ കണ്ണുകളുടെ ആഴത്തിൽ ഉണ്ടാക്കിയ എന്റെ കണ്ണുകളും മനസും ശരീരവും വിറങ്ങലിച്ചു... കോടമഞ്ഞു പോലെ അവൾ മെല്ലെ അന്തരീക്ഷത്തിൽ ലയിച്ചു... ആ ബോട്ടിന്റെ ഉള്ളിൽ ഞാനും മോളും മാത്രം ആയി... മോളു അപ്പോഴും... കുസൃതിച്ചിരിയുമായി അച്ഛന് നേരെ നോക്കി കൈ വീശിക്കൊണ്ടേയിരുന്നു..

രാജ്യത്തിനായി ജീവൻ വെടിഞ്ഞ രക്തസാക്ഷികൾക്ക്

# പോരാളി

പൈതലേ ഹൃത്തിന്റെ കാവലേ....
നിന്റെയീ ചേതനയറ്റ ശരീരത്തെ
പുൽകിപ്പുണർന്നു കരഞ്ഞിടാനമ്മയ്ക്ക്
കണ്ണീരുമില്ല കരളുമില്ലുണ്ണിയേ...
രാജ്യസേവനം നിന്റെ ധർമ്മമായ് കണ്ടുനീ
ത്യാഗമാം സത്യത്തെ തോഴനായ് കൂട്ടി നീ
രാവുകൾ പകലുകൾ നിൻനോവായ് മറയുമ്പോഴും
കർത്തവ്യബോധത്തെ മാറോടണച്ചു നീ...
കണ്ടീല ഇന്നിതേവരേയ്ക്കും നിൻ കണ്ണിലായ്
ഭയമെന്ന ഭീരുവിൻ അട്ടഹാസം
കേട്ടീല നിൻ മൊഴിയിലായ് ഇതുവരെ
വിരഹദുഃഖത്തിന്റെ മന്ദഹാസം
പോരാട്ടവീഥിയിൽ കാൽതെറ്റിവീണനീയമ്മയെ
പോരാളിയാക്കി മടങ്ങിടുമ്പോൾ..
വാഴ്ത്തുന്നുവാനോളമീലോകരത്രയും
കൂപ്പുകൈയ്യാൽ പ്രകീർത്തിക്കുന്നു നിൻത്യാഗവീര്യത്തെ
ഇനിയെന്തുവേണമീയമ്മയ്ക്ക നീ തന്ന
അഭിമാനമാം സമ്മാനം അധികമായ് പോയീലേ....



**Devika**
3rd B Sc. Chemistry



# അകലെ

നടന്നടുക്കുന്നു ഞാൻ ജീവിതത്തിൻ
ഒറ്റവരിപ്പാതെ മുറിയും വരെ
മരണമെന്ന ഭീതിയെൻ
തോളിൽ ചായുമ്പോൾ
അറിയാതെ നനയുന്നു എൻ കണ്ണുകൾ
ജീവിതം നേരിട്ട വേദനകൾ
എരിയുന്ന കനലായ്
നീറുന്ന നിഴലായ്
പൊറുക്കാത്ത മുറിപ്പാടുകൾ
പോലെൻ മനസ്സിൽ
കാലമാം വൈദ്യം തോൽക്കുമ്പോഴും
നേരുകൾ മുന്നിൽ നിറയുമ്പോഴും,
നിറയുന്ന മിഴികളെ സാക്ഷിയാക്കി.
ഒരുപാടു ഓർമ്മകൾ ബാക്കിയാക്കി..
നീറുന്ന ഹൃദയങ്ങളെ തനിച്ചാക്കി...
നടന്നു ഞാൻ ദൂരെ...

**Arunlal N S**
2nd B Sc. Zoology




ശാന്തിഗിരി ആശ്രമം ❀ താമരപർണശാല
Santhigiri Ashram ❀ Lotus Parnasala

# ശാന്തിഗിരി ആശ്രമം

**Karuna S Murugan**
3rd B Sc. Zoology

തിരുവനന്തപുരത്തുനിന്നും 22 കിലോമീറ്റർ അകലെ പോത്തൻകോടാണ്1969ൽ നവ ജ്യോതിശ്രീ കരുണാകരഗുരു സ്ഥാപിച്ച ശാന്തിഗിരി ആശ്രമം സ്ഥിതി ചെയ്യുന്നത്. ആശ്രമത്തിനു മുന്നിലെ പർണശാലയുടെ നിർമ്മാണം ആരംഭിച്ചത് 2001 സെപ്റ്റംബറിലാണ്. ശാന്തിഗിരി ആശ്രമത്തിൽ വെള്ളത്താമരയുടെ ആകൃതിയിൽ പർണശാല ഉയർന്നു നിൽക്കുന്നു. 91 അടി ഉയരവും 84 അടി ചുറ്റളവുമുള്ള ഈ വെണ്ണക്കൽ മന്ദിരം പൂർണമായ് വിടർന്ന താമരയുടെ രൂപത്തിലുള്ള ലോകത്തിലെ ഏറ്റവും ഉയരം കൂടിയ സൗധമാണ്. വിരിഞ്ഞതാമരയുടെ മാതൃകയിൽ മുകളിലേക്ക് പന്ത്രണ്ടിതളുകളും, താഴേക്ക് ഒൻപതിതളുകളും. മുകളിലേക്കുള്ള ഇതളിന് 41 അടി ഉയരവും, താഴേക്കുള്ള ഇതളിന് 31 അടി ഉയരവുമായി ആണ് താമര വിരിഞ്ഞു വരുന്നത്. പർണശാലയ്ക്കുള്ളിൽ ഗുരു സമാധികൊള്ളുന്ന സ്ഥലത്ത് തടിയിൽ താമര മൊട്ടിന്റെ രൂപത്തിൽ ശരകൂടം നിർമ്മിച്ചിട്ടുണ്ട്. 27 അടി ഉയരവും 21 അടി വ്യാസമുള്ള ശരകൂടത്തിന്റെ ഉൾവശത്ത് പിത്തള പതിച്ചിരിക്കുന്നു. ഇതിന്റെ മധ്യത്തിൽ 10 പടികൾക്കു മുകളിലായി സ്വർണനിർമ്മിതമായ ഗുരുരൂപം പ്രതിഷ്ഠിച്ചിരിക്കുന്നു. 2010 സെപ്റ്റംബർ 12 പർണശാല ലോകജനതയ്ക്ക് ആരാധനയ്ക്കായി തുറന്നു കൊടുത്തു. പ്രസ്തുത കർമ്മത്തിന്റെ തുടക്കം ഭാരതത്തിന്റെ പ്രഥമ വനിത ശ്രീമതി പ്രതിഭാദേവി ദേവിസിങ് പാട്ടീൽ നിർവ്വഹിച്ചു.




**Anoop P A**
2nd B Sc. Zoology

# DRAGONFLY

Dragonfly
and Snapdragon
planned to wed

" No one thinks
our love affair
will last,"they said

"For a honeymoon," said Dragonfly,
"Come fly with me, I will show you
Wondrous sights beyond the sea"
"You're such a dear" his true love said
"I can't, my sweet. Alas! I have no wings
and only roots for feet."
"Don't cry," he said. "I have a plan. We leave at noon!"
And off they flew for their honeymoon in a red balloon



**Arshad Noushad**
2nd B Sc. Zoology

# कैद

सीकी सी जाली से देखू मे जहान को,
सुन्दरता हो या आकर्षण ताकू मै कहा तक
परिन्दा हु या कैदी जुर्म कोई किया हो,
इस जहान मै आना मानो जहर कोई पिया है!
जुबा तो नही मगर मन की आवाज है,
जुबा भी तुम्हारी और मन भी तुम्हारा
अब बस एक आजादी ही मेरा निवास है
पंछी हू मै जग का मुसाफिर गगन का
मन मानो ससुन्दर दब चुका पिनजरे के अदंर
जिन्दगी तो नही जिंदा हू मगर
आकाँशा तो नही अरमान हो अगर,
रूह को सुकून  और दर्द को आराम,
बस एक ऐसा हो मेरी गुहार का पैगाम
मनोरंजन नही जुबानी है मेरी
एक कि नही कहानी है सभी की
अपने कर्म पर शर्म कर
अब तो कुछ धर्म कर.....

# College Union 2017-18



**Dr. Tomy Joseph**
*Union Advisor*



**Prof. Litty Thomas**
*Union Advisor*



**Sivaprasad M V**
*Chairman*



**Sharon Sam Joshwa**
*Vice Chairperson*



**Joji Jollychan**
*Genreal Secretary*



**Akash Krishna**
*Magazine Editor*



**Mons Mathew**
*Arts Club Secretary*



**Vishnu Shaji**
*UUC*



**Amal Raj V B**
*UUC*



**Midhuna Sukumaran**
*Lady Representative*



**Seethalakshmi K S**
*Lady Representative*



**Jishnu S**
*I year Rep*



**Kiran Kumar**
*II Year Rep*



**Sachin T C**
*III Year Rep*



**Akhileswari L**
*PG Rep*

# PRINCIPAL'S REPORT

My dear staff and students

I take this opportunity to thank God Almighty and our leading patron St. Francis Xavier for all the blessings bestowed upon this institution. Also I thank our management under the leadership of Manager Rev. Fr. Joshy Vezhaparambil, for the support and help extended to the college in the yester year.

The college reopened on 5th June 2017 and a joint meeting of all the students was convened at 10. am. The plans and programs for the new academic year were intimated. In the afternoon, a meeting of the teaching and the non-teaching staff was also convened to discuss the academic and administrative activities for the upcoming year. The duties and responsibilities of the teachers were allotted in the meeting.

Environment day celebrations were conducted after the opening day meeting. College Manager Rev. Fr. Joshy Vezhaparambil inaugurated the celebration with the planting of tree saplings.

Dr. Bijumon. C.C and Sri. P.C Ravisankar were appointed as the nodal officers for UG CAP. Admission process was completed later.

Yoga Day was jointly celebrated by N.C.C. and N.S.S. units of the college on 21st June. Certificate distribution for the meritorious students of XIIT was also conducted on the same day afternoon.

A meeting of the newly admitted students (1st year) was held on 29th June 2017.

A seminar on Cloud Computing was arranged on 22nd of July. Students of our college took part in a campus cleaning programme as part of the Dengue fever eradication drive of the PHC, Thalayazham. A personality development programme named 'Future' was conducted for the 1st year students in association with JCI on 27th of July. Dr. Nijoy P Jose was the resource person. M.Com. Farewell program was arranged by the Dept. of Commerce on 31st July. Dept. of Political Science and Journalism conducted a 'Neighborhood Youth Parliament' in collaboration with Nehru Yuva Kendra, Kottayam on 4th August. A seminar on climate change was organized by the Dept. of Zoology and Aquaculture on 4th August.

Independence Day was celebrated with flag hoisting ceremony. Students and staff were present for the function. A seminar on Population and Developmental Education was conducted on 17th August in association with the Public Health Centre, Edayazham . The Dept. of Commerce conducted an Inter-collegiate Management Fest 'Aliferous' on 25th and 26th of August. The N.C.C. and N.S.S. units of the college organized a blood donation camp on 25th August.

The teachers namely Dr. C.P Hareendran, Prof. Payas Varghese, Prof. Annie V.T were honored on September 5th on completion of 25 years in service. College Manager Rev. Fr. Joshy Vezhaparambil was present for the event. The N.S.S Unit of the college organized an exhibition 'Samskriti' on 1st November, the Kerala Day to celebrate the agrarian culture of Kerala. Different agrarian tools and artifacts were showcased as part of the event.

The inter-collegiate football tournament 'El Partido' was organized on 11th, 12th and 13th of November. Teams from different districts participated in the sporting event. A Staff-tour to the waterscapes of Kumbalangi was arranged on 23rd November 2017. Most of the teaching staff members were present for the tour. An orientation session was conducted on 19th December 2017. Prof. Monamma Kokkad was the resource person.
The N.S.S special camp 'Jaivam' was held in the college from 22nd December 2017. NSS volunteers conducted survey and awareness campaign as part of the7 Day camping.

'Sarga sayoojya', the college Arts-day was held on 10th January. The women's cell of the College organized an ethnic Fashion show on 10th January afternoon where students wore clothing made up of cotton and Khadi cotton. The show was conducted with the help of Kerala Khadi Board. College Sports day was held on 18th and 19th January. The Economics association inauguration was done by Prof. Mathew Immanuel followed by an invited lecture.

The Republic Day was celebrated on 26th January. Staff members, NCC cadets and NSS volunteers and students were present for the commemoration. The chemistry association inauguration was held on 21st January, 2018. Prof. Oluwatobi S Oluwafemi, University of Johannesberg was the chief guest for the event. The commerce association inauguration was held on 25th January. Mr. Vipin G, Head, Online Products and Services, Geojit financial Services was the chief guest.

The Physical Education department organized an inter-collegiate Kabadi tournament on 10th February 2018. The Dept. of Chemistry organized an inter-School event 'Chem Spark' on 14th February 2018. Quiz competition, Talk etc. were arranged as part of the event.

The Phyics, Chemistry and Zoology departments of the college jointly organized a science fest named 'Zerone 2k18' on 16th February. Science experimentation, exhibition and demonstration were arranged for students as part of the event. The event was mainly conceived as an extension cum outreach programs for the school-going students to impart interest and aptitude in science related subjects.

The vaikom area-level inauguration of the 'Birds Club International', an environmental organization was held on 16th February. Renowned film maker Shri. Jayaraj inaugurated the event. A seminar on Birds and Environment was also conducted as part of the event. Distribution of saplings of various trees to different schools and institutions were also done by the chief guest.

'Aspire', a motivation programme was arranged for the students on 26th February by the Catholic Students Movement. Fr. Benny Varghese was the resource person.

The Politics association inauguration 'Samvedanam' was held on 5th March, 2018. Mr. M.S Banesh, TV Producer and Director, was the chief guest for the event. A photo graphic exhibition and film screening and review session were arranged as part of the event.

Dr. Sabu Thomas, Hon. Vice Chancellor, M.G University visited college on 6th March 2018 to attend the retirement farewell function of our staff Shri. K.V George and Shri. T.T Xavier.

Programmes like N.S.S, Walk with Scholar, Scholar Support Programme, N.C.C., Career Cell, Women's Cell etc. functioned well for the benefit of the student community. Sports programmes too were well co-ordinated by Mr. Bestine .C. Michael, the Director of Physical Education. Our college has participated in many inter-collegiate tournaments in Cricket, Kabady, Football and Swimming.

All college is keen in providing and facilitating different types of scholarships instituted by Government and other agencies. Other organisations like Women's cell, PTA, Catholic Students Movement are excelling in their fields of interaction.

The college union has also provided commendable support and contribution to the betterment of the student community last year.

I once again thank all the staff members, students, parent community, Alumni, well-wishers and the management of this institution at this moment.

## PTA REPORT

There is a very vibrant and active Parent Teacher Association (P.T.A) in our College. The parents are provided with the opportunity to observe the working of the institution and to give their valuable suggestions for the better quality service through interactions with the faculty and the management. The P.T.A has an executive committee comprising the parents of students, department wise and year wise and the representations of the faculty including the Principal. The committee meets at least five times every year to discuss matters of utmost interest. The office bearers are elected annually in the general body meeting.

The general body of the P.T.A for the year 2017-18 was convened on 19th December 2017 at 2 pm. Principal, Dr.Rajumon T.Mavunkal presided over the function. Prof. Monamma Kokkad was the Chief Guest for the event. Manager Rev.Fr.Joshy Vezhaparambil gave blessings. The secretary presented the report and it was unanimously approved by all. It was followed by the general elections.

Mrs. Saraswathi Dharmaraj, Mrs. Prasanna Vijayan, Mrs. Sreedevi Sasidharan, Mrs. Lalitha K.K, Mr. K.K Prakashan, Mr. Biju, Mr. Rajeev N.K, Mr. Siby Varghese were selected to the executive committee.

Dr. Tomy Joseph, IQAC Co-ordinator and Sri.G.Gopakumar , PTA Vice President (2016-17) delivered felicitations. The General body congratulated Dr. C.P Hareendran and Prof. Annie V.T. on completion of 25 years in teaching. Dr. Bijumon.C.C and Dr. Gigi were also congratulated for the attainment of Ph.D. Degree. Prof. Ancy Davis delivered vote of thanks.

The committee began its activities welcoming first year students to the College. During Onam and Christmas festivities, P.T.A distributed prizes to all winners in various competitions. Cash prizes of 1000 rupees for toppers in each discipline were distributed in the general body meeting. PTA contributed Rs. 44947 towards buying new books to the various Dept. Libraries.

For the smooth functioning of the College, the P.T.A has decided to appoint guest lecturers in Malayalam and Hindi departments and also extended a helping hand in advancing salary to the 4 guest lecturers of Commerce dept. and one guest lecturer each in Physics and Economics departments. Besides the teaching staff, a security and two menial staffs are appointed with the financial assistance of the P.T.A.

PTA has also contributed financial resources to buy UPS and other lab articles to Physics Lab, Commerce Dept., and Seminar Hall and also gave financial assistance to buy amplifier for Physics seminar Hall. A new computer was bought for the Dept. of Commerce with the assistance of PTA. PTA also provided new benches and desks to the English combined class rooms. PTA also provided financial support for the maintenance works including the repair of lab furniture at various labs. PTA bought 2 water purifier systems for the students.

Lion share of the expenses incurred during the University Youth Festival held at Ernakulam was met by the P.T.A. Above all, as a exemplary organization, it acts as a source of inspiration by providing cash awards to those students, who have secured the highest marks in various discipline.

I take this opportunity to thank all our well-wishers at this moment.

## College Union Report (2017-18)

It's my pleasure to present before you the, College Union Report of the activities of St.Xavier's College during the academic year 2017-18. The election to the college union was held in a fair manner under the monitoring of Principal Dr. Rajumon T. Mavunkal and Dr. Gimson.D Parambil, Returning Officer on 24th August 2017. The following students were elected as the office bearers of the college union 2017-18:

Chairman: Sivaprasad M.V (Chemistry)
Vice Chairperson: Sharon Sam Joshwa
(Politics and Journalism)
General Secretary; Joji Jollychan (Economics)
Arts Club Secretary: Mons Mathew (Commerce)
University Union Councilors:
Vishnu Shaji (Economics)
: Amal Raj V.B (Commerce)
Magazine Editor: Akash Krishna (Zoology)
Lady Reps: Midhuna Sukumaran (Economics)
: Seethalakshmi (Physics)
I Year Rep: Jishnu S (Politics and Journalism)
II Year Rep: Kiran Kumar K.K (Chemistry)
III Year Rep: Sachin T.C (Economics)
I PG Rep: Akhileswari

The elected members of the college union participated in the swearing-in ceremony which marked the beginning of the college union activities held on 24th August. Dr. Tomy Joseph (HOD, Physics) and Prof. Litty Thomas (Dept. of Economics) were inducted as the advisors to the College Union. The first meeting was held on 24th itself and chairman presided over the meeting.

The official inauguration of the College Union and the Arts Club was held on 7th November 2017. Shri. Bichu. S.Malayil, renowned academician inaugurated the Union activities and Mr. Anoop Chandran, Famous film actor inaugurated the arts activities.

In another meeting of the Union, Nidheesh Shaji of III Year Political Science and Journalism selected as the Sports Secretary. The union organized a Talents day on 30th August 2017. Union took active role in organizing Onam and Christmas celebrations. Ona Sadya to all students of the college was the major highlight of the Onam programme held on 31st August.

The Arts fest 'Sarga Sayoojya' was organized on 10th January 2018. The event was inaugurated by our former student film actor Arjun. There were individual competition events. The union and College authorities provided support to the students and gave training to the participants to the M.G University Youth Festival held at Ernakulam.

The College Union gave full support to the Sports activities of the college including the El-Partido football tournament and the inter-collegiate Kabadi tournament. Union took active participation in organizing the sports day on19th January 2018. The union have also arranged a programme to pay homage to the rape victim of Kathwa.

The college day celebrations marked end to the union activities which was held on 7th March 2018. Cine/TV star Sajan Palluruthy was the chief guest. The function was followed by cultural programmes.

---

### NSS REPORT 2017-2018

The activities of the National Service Scheme commenced in the month of June. Miss Diya Ghosh of II B A Economics and Mr. Rockey Shaji of II B.Com were selected as the volunteer secretaries for the academic year 2017-2018. World Environment Day celebrated on 5th June 2017. College Manager Rev.Fr Joshy Vezhaparambil planted tree saplings in the college premises.Programme officers attended training on organic farming organized by M G university from 08-06-2017 to 09 -06 2017. International Yoga Day observed on 21st June 2017. Volunteer secretaries attended Volunteer Secretaries Training Camp from 30th June to 2nd July 2017at B.K College, Amalagiri, Kottayam.

Campus cleaning programme was organized on 26th July 2017 with the assistance of Primary Health Centre, Thalayazham.World Population Day celebrated by organizing an orientation programme to the students on 17th August 2017.Dr.G.I Sapna Medical Officer, Edayazham community health centre lead the sessions.

NSS Unit organized special swachhta campaign on 15th August 2017.Orientation Programme was organized on 15th August 2017. College Principal Dr Rajumon T Mavunkal inaugurated the programme and Prof Bibu V.N led the sessions. Blood donation camp was organized on 25th August 2017.

Seven Day Camp-Jaivam was organized at ST.Xaviers College Vaikom from 31st August to 6th September 2017. Volunteers visited 15 wards of Thalayazham Grama Panchayath and distributed booklets on Organic farming. Volunteers conducted a survey on vegetable purchase behavior and habits of the people. NSS Unit observed GandhiJayanti by organizing a cleanliness programme in the campus on 2nd October 2017.Volunteers participated in the Clean Vembanad Programme organized by Arogya Samrakshana Samiti in association with Vechoor Grama Panchayath on 28th October 2017.

NSS Unit organized an exhibition and a quiz competition KERALEEYAM on 1st November 2017 in connection with Kerala Piravi.An awareness programme was organized in connection with AIDS day on 11th December 2017. Kathaprasangam performance by Thannermukkam Sadasivan was organized. Human Rights Day was celebrated by organizing a signature collection against Human Rights Violation. Volunteers visited and gave financial assistance to old age home. 25 volunteers participated in blood donation camp organized by St: Josephs Forane Church, Vaikom.

## NCC Annual Report 2017-18

NCC came into existence on 16th April 1948. Today it has an enrolled strength of more than 13 lakhs cadets. The motto of NCC is "Unity and Discipline". NCC aims to the development of character, Comradeship, discipline, secular outlook, spirit of adventure, sportsmanship and ideals of selfless service among the youth of the country to create a human resource of organized, trained and motivated youth to provide leadership in all walks of life and always be available for the service of the nation. The NCC has come a long way and as an organization it has assumed a very important place in the country in grooming the youths to be a leader of tomorrow.

Institutional Training 2017-18: Institutional Training and NCC Activities for the training year 2017-18 were conducted from 1st Aug 2017 to 31st March2018 for all three years.

Strenghth: The authorised strength of the NCC Sub Unit of St Xavier's College is 160. This Year's enrolled strength was also 160.

Associate NCC Officer: Lt. Roy Mathew, Dept. of Political Science

Office Bearers from Cadets: SUO- Alphonse K. Baby; JUOs- Abhijith V.V , Ananduraj, Aleesha James; CQMS- Ajil M, Manju Manoharan ; SGT- Sony Siby, Abhinand M. Sabu, Akshay A.S, Anjuraj E.R; CSM- Thomas Varghese C.J, Soniya V.C.

The NCC of our college have conducted the following programmes.

International Day Of Yoga 21 June 2017 : St. Xavier's College, Vaikom also, under the Command of 21 (K) Bn NCC Ernakulam, observed International Yoga Day on 21 June, 2017 from 7.00 am to 7.45 am. The army officers from 21 (K) Bn NCC Ernakulam, the Principal of the College Dr. Rajumon T. Mavunkal, NCC Officer Lt. Roy Mathew were among the personalities who were present at the Yoga venue.

World Environment Day: on June 5, 2017 World Environment Day was celebrated by NCC Cadets in our college by planting saplings of trees. The Manager of the college Rt. Fr. Joshy Vezhaparambil inaugurated the activities .

Enrollment To First Year Ncc On 27th July 2016: Enrolment to the first year cadets was held on 24/07/2017. The Training JCO from 21(K)Bn NCC Ernakulam monitored the enrolment process.

Annual Training Camp at St. Xaviers College, Vaikom: 21(K) BN NCC ERNAKULAM conducted a Combined Annual Training Camp (ATC) at this College from 23rd September 2017 to 2nd October 2017. for about 550 NCC Cadets, with the consent of NCC Directorate(K&L) Thiruvananthapuram. The camp was formally opened by the address of Col. Gopi Kumar, the Camp Commandant.

Gandhi Jayanthi Celebrations-: As part of Gandhi Jayanthi Celebrations and Swachh Bharath Abhiyan, the NCC Cadets of St Xavier's College,Vaikom cleaned the premises of Thaluk Hospital , Vaikom.

Clean St Xavier's Mission 2017-18:.

Complete Blood Count Analysis Test

Blood Donation Camp, 25 August 2017: NCC and NSS jointly organized a blood donation camp at St. Xavier's College, Vaikom in association with Blood Bank, General Hospital, Kottayam and PHC Thalayazham on 25th August 2017. Around fifty studens donated their Blood.

Eye Donation: Thirty students of this college signed eye donation forms on 25th August 2017. It was a programme organized by the NCC and NSS units of this college in association with DMO Kottayam.

FIFA Under 17 World Cup Football- One Million Goal Programme: To give propaganda for the Under 17 World Cup Football Tournament, a " One Million Goal Programme" was organized across Kerala..

Clean Vembanad Drive: Vembanad Lake or Estury is suffering from various types of pollution. The NCC and NSS units of this college thought of a continous mission to save Vembanad. We got the cooperation from Arogya Samrakshana Samithi, Kudavechoor, Grama Panchayat of Vechoor, Emerging Vaikom, S.N. College, Kumarakom, St. Michael's HSS Kudavechoor, Devi Vilasam HSS Kudavecoor, Govt HSS T.V. Puram and other well wishers.

Digital India and Cashless India:

Summer Internship Programme:

CATC at BNV Velloor: 21 Kerala Bn. NCC Ernakulam organised Combined Annual Training Camp at Bhavan's Newsprint Vidyalaya Velloor from 23rd December 2017 to 1st January 2018 in which 45 Cadets of Senior Division and Wing of our college attended.

National Camps and Centrally Organised Camps: JUO Ananduraj and JUO Aleesha James attended National Integration Camp held at National Institute of Technology, Warangal(TS) organised by the Andhra Pradesh and Telengana Directorate from 13th to 24th November 2017.

B and C Certificate Examinations: B- Certificate Examination and C-Certificate Examination were held at SH College, Thevara in the month of February 2018. 31 cadets passed C- Certificate Examination and 45 Cadets passed B- Certificate Examination.

Blood Donation: Many NCC Cadets donated their blood this year also for the needy patients on request.

Parades: 15 parades were held for first year cadets and 17.5 parades were held for second and third year cadets. Formally the training year 2017-18 closed on 31st March 2018.

# SPORTS








# EVENTS

















# NCC













# College Day






























## NSS Special Camp Jaivam 2K17







THANIMA - Ethnic Wear Fashion Show

## Arts Day
















# REMEMBRANCE











ചിത്രം
**അശ്വന്ത് , എം.കോം**


# നന്ദി

## Zerone 2K18









## Birds Club Inauguration







## SAMVEDANAM











